# ഇലകളിൽ മുട്ടയിടുന്ന മത്സ്യം

വെള്ളത്തിൽ നിന്ന് ഉയർന്നു ചാടി ഇലകളിൽ മുട്ടയിടുന്ന മത്സ്യങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടോ? ലെബിയാസിനിഡേ കുടുംബത്തിൽപ്പെട്ട സ്പ്ലാഷ് ടെട്ര മത്സ്യത്തിന്റെ പ്രത്യുൽപാദന രീതി ഇങ്ങനെയാണ്. പ്രജനനകാലത്ത് ആൺമത്സ്യങ്ങൾ വെള്ളത്തിലേക്ക് ചാഞ്ഞുകിടക്കുന്ന ഇലകളുള്ള അനുയോജ്യമായ സ്ഥലം തിരഞ്ഞെടുത്ത് പെൺമത്സ്യത്തെ അങ്ങോട്ടാകർഷിക്കുന്നു. തുടർന്ന് രണ്ടു മത്സ്യങ്ങളും വെള്ളത്തിൽ നിന്ന് ഒരുമിച്ച് ഉയർന്നു ചാടി പത്തു സെക്കൻഡ് സമയം വരെ ഇലയിൽ അള്ളിപ്പിടിച്ചു കിടക്കുന്നു. ഈ സമയം കൊണ്ട് പെൺമത്സ്യം 6 മുതൽ 10 വരെ മുട്ടകളിടും. ഇങ്ങനെ പല തവണ ചാടി 100 മുതൽ 200 വരെ മുട്ടകളിടുന്നു. ഈ മുട്ടകൾ നനവുള്ളതായി നിലനിർത്താൻ ആൺമത്സ്യങ്ങൾ മണിക്കൂറിൽ നാല്പതോളം തവണ വെള്ളം തെറിപ്പിക്കും. മൂന്നു ദിവസങ്ങൾക്കകം മുട്ടകൾ വിരിഞ്ഞ് കുഞ്ഞുങ്ങൾ വെള്ളത്തിൽ വീഴുകയും ചെയ്യും.





ഉഷ്ണമേഖലാ ശുദ്ധജല നദീതടങ്ങളിലും അരുവികളിലും ചതുപ്പുനിലങ്ങളിലും കാണപ്പെടാറുള്ള ഇവയുടെ പ്രധാന ഭക്ഷണം ജലോപരിതലത്തിൽ വീഴുന്ന പുഴുക്കളും ചെറുപ്രാണികളുമാണ്.

ബാലകുസുമം മാസിക

പുസ്തകം 12
ലക്കം 2
2025 ഫെബ്രുവരി

# ഇത് ആരുടെ വഴിയമ്പലം?

ഒരു സൂഫിവര്യൻ നടന്നു ക്ഷീണിച്ച് രാജാവിന്റെ കൊട്ടാരത്തിനടുത്തെത്തി. വലിയ കവാടത്തിലൂടെ അകത്തേക്കു കടക്കാൻ ശ്രമിച്ചപ്പോൾ കാവൽക്കാർ അദ്ദേഹത്തെ തടഞ്ഞു. അപ്പോൾ സൂഫി പറഞ്ഞു: 'എനിക്ക് ഈ വഴിയമ്പലത്തിൽ കയറി അല്പനേരം വിശ്രമിക്കണം. ഞാൻ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. നിങ്ങൾ എന്തിനാണെന്നെ തടയുന്നത്?'


**BALA KUSUMAM**
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  എ. മൊയ്തീൻ മടവൂർ
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി


കാവൽക്കാർ പരിഹാസത്തോടെ അദ്ദേഹത്തോട് ചോദിച്ചു: 'ഹേയ്, മൂപ്പീന്നേ, കണ്ടാലറിഞ്ഞുകൂടേ, ഇതു വഴിയമ്പലമല്ലെന്ന്... രാജാവിന്റെ കൊട്ടാരമാണെന്ന്..?' 'ഇതൊരു വഴിയമ്പലം തന്നെയാണ്. എനിക്ക് ഇതിനകത്തു കയറി ഇത്തിരി നേരം വിശ്രമിക്കണം.' സൂഫി വാശിപിടിച്ചു.

അപ്പോൾ കാവൽക്കാർ രാജാവിനെ വിവരമറിയിച്ചു. അദ്ദേഹത്തെ അകത്തേക്ക് കടത്തിവിടാൻ രാജാവ് കൽപ്പിച്ചു. അദ്ദേഹം കടന്നുവന്നപ്പോൾ രാജാവ് ചോദിച്ചു: 'നിങ്ങൾ എന്താണ് നമ്മുടെ കൊട്ടാരത്തെപ്പറ്റി പറഞ്ഞത്, വഴിയമ്പലമെന്നോ?'

‘അതേ, ഇതു വഴിയമ്പലമല്ലെങ്കിൽ പിന്നെന്താണ്?’ സൂഫി തിരിച്ചുചോദിച്ചു.

‘ഇതെങ്ങനെ വഴിയമ്പലമാകും? നമ്മുടെ കൊട്ടാരമല്ലേ ഇത്?’ രാജാവ് വീണ്ടും ചോദിച്ചു.

സൂഫി: ‘എന്നാൽ ഞാനൊന്നു ചോദിക്കട്ടെ: അങ്ങ് പറയുന്നു, ഇതങ്ങയുടെ കൊട്ടാരമാണെന്ന്. അങ്ങേക്കു മുമ്പിത് ആരുടേതായിരുന്നു?’

‘എന്റെ പിതാവിന്റേത്.’

‘അദ്ദേഹം എവിടെപ്പോയി?’

‘അദ്ദേഹം മരണപ്പെട്ടുപോയി.’

‘അദ്ദേഹത്തിനു മുമ്പ്



ആരായിരുന്നു ഇവിടെ താമസിച്ചിരുന്നത്?'

'എന്റെ പിതാവിന്റെ പിതാവ്.'

'അദ്ദേഹമോ?'

'അദ്ദേഹവും മരിച്ചു പോയി.'

'അങ്ങിവിടെ എല്ലാ കാലവും ജീവിക്കുമോ?'

'ഇല്ല, ഞാനും മരിച്ചു പോകും.'

'എങ്കിൽ ഞാൻ പറഞ്ഞതിലെന്താണ് തെറ്റ്? ആളുകൾ വന്നു കുറെ സമയം താമസിക്കുകയും പിന്നെ പിരിഞ്ഞുപോവുകയും ചെയ്യുന്നതല്ലേ വഴിയമ്പലം? ആർക്കും ഇവിടെ എക്കാലവും താമസിക്കാൻ കഴിയില്ലല്ലോ.' സൂഫിയുടെ വാക്കുകൾ കേട്ട് രാജാവ് ചിന്താകുലനായി ഇരുന്നു പോയി.

***വഴിയമ്പലം:*** *പണ്ട് നടന്നു ക്ഷീണിച്ച യാത്രക്കാർക്ക് കയറി വിശ്രമിക്കാൻ വഴികളിൽ നിർമ്മിച്ചിരുന്ന കെട്ടിടങ്ങൾ.*

## ക്യുമുലോ നിംബസ്

മഴമേഘങ്ങളായ ക്യുമുലോ നിംബസ് മേഘങ്ങളാണ് മേഘവിസ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നത്. കേരളത്തെ ഞെട്ടിച്ച പ്രളയങ്ങൾക്കും ഉരുൾപൊട്ടലുകൾക്കും പിന്നിൽ ക്യുമുലോ നിംബസ് മേഘങ്ങളുടെ സാന്നിധ്യമുണ്ടായിരുന്നു. മണിക്കൂറിൽ 100 മില്ലീമീറ്ററിന് മുകളിൽ മഴ ലഭിക്കുമ്പോഴാണ് മേഘവിസ്ഫോടനമായി കണക്കാക്കുന്നത്.



കറുത്തിരുണ്ട് കാഠിന്യമേറിയ ക്യുമുലോ നിംബസ് മേഘങ്ങൾ അന്തരീക്ഷത്തിന്റെ താഴേത്തട്ടിൽ നിന്നാരംഭിച്ച് പതിനഞ്ചുകിലോമീറ്റർ ഉയരത്തിലുള്ള സീറസ്മേഖല വരെ എത്താം. കേരളത്തിൽ തുലാമഴയുടെ സമയത്തും ചില സന്ദർഭങ്ങളിൽ കാലവർഷത്തിലും വലിയ കാറ്റോടുകൂടിയ മഴക്ക് മുന്നോടിയായി ഇത്തരം മേഘങ്ങളെ കാണാറുണ്ട്.


സഫർ
ഹോ... വലിയൊരു മരക്കൊമ്പാണല്ലോ വീണു കിടക്കുന്നത്.
നിൽക്ക്. നമുക്കീ മരക്കൊമ്പ് വലിച്ചു സൈഡിലേക്കിടാം.
കാറ്റിൽ പൊട്ടി വീണതായിരിക്കും
വാ, നമുക്കീ അരികിലൂടെയങ്ങ് കടന്നു പോകാം.
ഇതു വലിച്ചു മാറ്റാനോ? ഇത്ര വലിയ കൊമ്പ്?
അതിനൊക്കെ ഇവിടെ വേറെ ആളുകളുണ്ടാവുമല്ലോ. വാ, നമുക്ക് പോകാം.
ഫയർഫോഴ്സിനെ വിളിച്ചാൽ മതി.
നമ്മളെക്കൊണ്ടാവുമോ?


ഒത്തുപിടിച്ചാൽ മല യും പോരും എന്ന ല്ലേ? നമുക്കൊരു കൈ നോക്കാം.
എനിക്കു വയ്യ. ഷർട്ടിലും പാന്റ്സിലും അഴുക്കാകും.
എനിക്കും വയ്യ.
ഞാൻ ഏതായാ ലും ഇത് നീക്കി യേ വരുന്നുള്ളൂ.
ഞങ്ങളും കൂടാം
എല്ലാവരും ഒന്നിച്ചു ചേർന്ന് മരക്കൊമ്പ് വലിച്ചു നീക്കി.
ഇപ്പോൾ എങ്ങനെ യുണ്ട് കൂട്ടുകാരേ, അസാധ്യമെന്ന് തോ ന്നിയത് നമ്മൾ ഒന്നിച്ച് നേടിയെടുത്തില്ലേ?


വലിയൊരു കാര്യമാണ് നമ്മൾ ചെയ്തത്.
അതേ, നമ്മുടെ ബാധ്യത നിറവേറ്റി എന്നേയുള്ളൂ.
ബാധ്യതയോ? ഇതും ബാധ്യതയാണോ?
അതേ, വഴിയിലെ തടസ്സങ്ങൾ നീക്കൽ സത്യവിശ്വാസത്തിന്റെ ഒരംശമാണെന്ന് നമ്മൾ പഠിച്ചതാണല്ലോ.
അതു ശരിയാ.
യഥാർത്ഥ മുസ്‌ലിമാണെങ്കിൽ ഇങ്ങനെയൊക്കെ വേണം.

ശാക്കിർ തോട്ടിക്കൽ

ഫെബ്രുവരി 21:
മാതൃഭാഷാദിനം

# മധുരം മലയാളം

നിങ്ങൾ ചിന്തിക്കുന്നത് ഏതു ഭാഷയിലാണോ അതു തന്നെയാണ് നിങ്ങളുടെ മാതൃഭാഷ. കേരളത്തിൽ ജനിച്ചവരുടെയെല്ലാം മാതൃഭാഷ മലയാളമാവണമെന്നില്ല. വീട്ടിലും സ്കൂളിലും കഷ്ടപ്പെട്ട് ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന കുട്ടികളുമുണ്ട്. മലയാളത്തിൽ സംസാരിച്ചാൽ ശിക്ഷിക്കുന്ന രക്ഷിതാക്കൾ വരെയുണ്ട്. മലയാളത്തിന്റെ കൊലയാളികളാണവർ. എന്നാൽ, നടന്നുപോകുമ്പോൾ പെട്ടെന്നൊരു പാമ്പിനെ കണ്ടാൽ 'ഡാഡീ, സ്നേക്ക്' എന്നല്ല, 'ഹമ്മേ പാമ്പ്' എന്നു തന്നെയാണ് നാവിൽ വരുക. അപ്പോഴവരുടെ മാതൃഭാഷ മലയാളം തന്നെ!

## മലയാളപ്പിറവി

ദ്രാവിഡ ഭാഷകളിലൊന്നായ മലയാളത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ഒമ്പതാം നൂറ്റാണ്ടോടുകൂടിയാണ് മലയാളം സ്വതന്ത്രഭാഷയായി മാറിയതെന്നാണ് പ്രബലവാദം. പതിമൂന്നാം നൂറ്റാണ്ടു മുതൽ സാഹിത്യഭാഷയെന്ന നിലയിൽ മലയാളം വളരാനും തുടങ്ങി. ആദ്യകാലത്ത് വട്ടെഴുത്ത് ലിപിയിലാണ് മലയാളം എഴുതിയിരുന്നത്. പതിനാറാം നൂറ്റാണ്ടു



മുതലാണ് ആധുനിക മലയാള ലിപി രൂപപ്പെട്ടത്. എ.ആർ രാജരാജവർമ്മ രചിച്ച കേരളപാണിനീയത്തെയാണ് ഏറ്റവും പ്രാമാണികമായ മലയാള വ്യാകരണഗ്രന്ഥമായി പരിഗണിക്കുന്നത്. സംസ്കൃതത്തിൽ നിന്നല്ല; പ്രാചീന തമിഴിൽ നിന്നാണ് മലയാളം ഉണ്ടായതെന്ന അഭിപ്രായമാണ് ഈ ഗ്രന്ഥകാരനുള്ളത്. ഹെർമൻ ഗുണ്ടർട്ട്, ജോർജ് മാത്തൻ, കോവുണ്ണി നെടുങ്ങാടി തുടങ്ങിയവരും മലയാള വ്യാകരണഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്.



പതിനഞ്ചാം നൂറ്റാണ്ടു വരെ ഏതാനും ലിപികളിൽ ഒതുങ്ങിയ ചുട്ടെഴുത്തായിരുന്നു മലയാളലിപി. ഭാഷാ പിതാവ് എന്നറിയപ്പെടുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനാണ് മലയാളത്തിന് 51 അക്ഷരങ്ങൾ തയ്യാറാക്കി, ആധുനിക ഭാഷാ സമ്പ്രദായം ഏർപ്പെടുത്തിയത്. എന്നാൽ, അതിനും എത്രയോ മുമ്പ് മലയാളമുണ്ടായിരുന്നു.




## സംസ്കൃത സ്വാധീനം

മലയാളഭാഷയെ ഏറ്റവും കൂടുതലായി സ്വാധീനിച്ചത് തമിഴും സംസ്കൃതവുമാണ്. ലോകത്തിലെ മിക്ക ഭാഷകളുടെയും അംശങ്ങൾ മലയാളത്തിൽ കാണാം. പണ്ടു തൊട്ടേ കേരളത്തിനുണ്ടായിരുന്ന വ്യാപാരബന്ധങ്ങൾ ഭാഷയുടെ പുരോഗതിയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഹിന്ദിയും അറബിയും ഉർദുവും യൂറോപ്യൻ ഭാഷകളും നിരവധി വാക്കുകൾ മലയാളത്തിനു സംഭാവന നൽകിയിട്ടുണ്ട്.

## പഠനപ്രവർത്തനം

കൂട്ടുകാർ ദിവസവും പറയുന്ന വാക്കുകളിൽ പലതും ഇംഗ്ലീഷും അറബിയുമാണ്. മലയാളപദം പോലെ നാം ഉപയോഗിക്കുന്നവയാണവ. ഉദാ: കാപ്പി, ശർക്കര, കടലാസ്, ശർബത്ത്, സലാഡ്, സുലൈമാനി, ഹാജർ, ബാക്കി, ഹൽവ, പർദ്ദ, കാർ, ബസ്... ഇതു പോലെ അന്യഭാഷകളിൽ നിന്ന് മലയാളത്തിലേക്കു വന്ന വാക്കുകൾ കണ്ടെത്താൻ ശ്രമിച്ചു നോക്കൂ...

## ഹോർത്തൂസ് മലബാറിക്കൂസ്

ഹോർത്തൂസ് മലബാറിക്കൂസ് എന്ന സസ്യശാസ്ത്രഗ്രന്ഥമാണ് ആദ്യമായി മലയാളത്തിൽ അച്ചടിച്ചത്. അന്ന് ഓരോ അക്ഷരത്തിനും പ്രത്യേകം അച്ചുകൾ ഉണ്ടായിരുന്നില്ല. ഒറ്റയൊറ്റയായുള്ള കല്ലച്ചുകൾ ഉപയോഗിച്ച് ആദ്യമായി മലയാളത്തിൽ പുസ്തകങ്ങൾ അച്ചടിച്ചത് 1772ലാണ്.


ഹോജ
ഹോജയുടെ തോണിയിൽ പുഴ മുറിച്ചുകിടക്കുകയായിരുന്നു ഒ
രു പണ്ഡിതൻ.
ഹോജാ, താങ്കൾ
വ്യാകരണം പഠിച്ചി
ട്ടുണ്ടോ?
ഇല്ലല്ലോ
കഷ്ടം, താങ്കളുടെ
ജീവിതത്തിന്റെ
പാതി നഷ്ടപ്പെട്ടു.
തോണി പുഴയുടെ നടുവിലെത്തിയപ്പോൾ,
താങ്കൾക്ക്
നീന്താൻ
അറിയുമോ?
ഇല്ല.
തങ്ങളുടെ ജീവിതം മു
ഴുവൻ നഷ്ടപ്പെടാനിരി
ക്കുന്നു. തോണി ഇ
പ്പോൾ മുങ്ങും.

# ഇമാം മാലിക്(റ)

## ഖലീഫക്കൊരു കത്ത്

ഖലീഫയുടെ കൊട്ടാരത്തിലെ പണ്ഡിതനായിരുന്നു മാലികുബ്നുഅനസ്(റ). ഒരിക്കൽ മഹാൻ ഖലീഫക്കൊരു കത്തെഴുതി. ഭരണകാര്യങ്ങളിൽ പാലിക്കേണ്ട ചില നിർദ്ദേശങ്ങളായിരുന്നു അതിൽ. പാറാവുകാരിലൊരാൾ കത്ത് ഖലീഫയെ ഏല്പിച്ചു. ഖലീഫ വളരെ ആദരവോടെ അത് വായിക്കാൻ തുടങ്ങി. അതിലെ ഓരോ ഉപദേശവും ഹൃദയത്തിൽ തട്ടുന്നതായിരുന്നു.

ഇമാം മാലിക്(റ)വിന്റെ മഹത്തായ നിർദ്ദേശങ്ങള



ടങ്ങുന്ന ആ കത്ത് സ്വർണലിപികളിലെഴുതാനും ഭാവിതലമുറക്കു വേണ്ടി സൂക്ഷിക്കാനും ഖലീഫ ഉത്തരവിട്ടു.

## അനുരാഗി

തിരുനബി(സ)യെ അങ്ങേയറ്റം സ്നേഹിച്ച മഹാനായിരുന്നു ഇമാം മാലിക്(റ). മദീനയിലൂടെ വാഹനപ്പുറത്ത് സഞ്ചരിക്കാനോ ചെരുപ്പിട്ടു നടക്കാനോ മഹാൻ കൂട്ടാക്കാറുണ്ടായിരുന്നില്ല. തിരുനബി(സ)യുടെ മദ്ഹ് പറഞ്ഞു തുടങ്ങുമ്പോഴേക്കും മഹാന്റെ ശാരീരികാവസ്ഥ മാറും. ശരീരം കുനിഞ്ഞുപോകും, നിറം മാറും. ഈ അവസ്ഥ കണ്ട് സദസ്സിലുള്ള ചിലർ മഹാനോട് ചോദിച്ചു:

'തിരുനബി(സ)യെക്കുറിച്ച് പറയുമ്പോൾ അങ്ങ് അസ്വസ്ഥനാകുന്നല്ലോ.'

'ആ സന്ദർഭങ്ങളിൽ എനിക്കുണ്ടാകുന്ന ദർശനവിശേഷം വിവരണാതീതമാണ്. അതനുഭവിക്കാൻ കഴിഞ്ഞാൽ നിങ്ങളുടെ അവസ്ഥയും ഇതുപോലെയായിരിക്കും.' മഹാൻ മറുപടി നൽകി.

## വിജ്ഞാനനിധി

ഒരിക്കൽ ഖലബുബ്നു അംറ്(റ) ഇമാം മാലിക്(റ)വിനെ കാണാൻ ചെന്നു. അപ്പോഴാണ് മദീനയിലെ പ്രമുഖ ഖാരിആയ ഇബ്നുഖുസൈൻ ഒരു കത്ത് ഇമാമിനെ ഏൽപിച്ചത്. അതു വായിച്ചതും ഇമാം വികാരാധീനനായി. കുറിപ്പിൽ എന്തായിരിക്കുമെന്നറിയാൻ ഖലബുബ്നു അംറ്(റ)വിന് ആകാംക്ഷയുണ്ടായിരുന്നു. പക്ഷേ, ചോദിക്കുന്നത് മര്യാദയല്ലല്ലോ എന്നു കരുതി മിണ്ടാതിരുന്നു. അപ്പോൾ ഇമാം ആ കുറിപ്പ് അദ്ദേഹത്തിന് നൽകി. അദ്ദേഹം സന്തോഷത്തോടെ അത് വായിച്ചു.

ഇബ്നുഖുസൈൻ നബി(സ)യെ സ്വപ്നത്തിൽ കണ്ടെന്നും പള്ളിയിലെ മിമ്പറിനു താഴെ ഒരു നിധിയുണ്ടെന്നും അതെടുത്തു തരാൻ ഇമാംമാലിക്(റ)വിനെ നിയോഗിച്ചിരിക്കുന്നു എന്നുമായിരുന്നു കുറിപ്പിന്റെ ചുരുക്കം. വിലമതിക്കാനാവാത്ത വിജ്ഞാനമുത്തുകളായിരുന്നു ആ നിധി. അതിന്റെ വിതരണക്കാരനായിരുന്നു ഇമാം മാലിക്(റ).

# കുടുംബത്തോടൊപ്പം ഇത്തിരി നേരം

**വി**ശാലമായ പറമ്പിൽ വലിയ പന്തൽ കെട്ടിയിരിക്കുന്നു. പന്തലിന്നുള്ളിൽ മനോഹരമായി അലങ്കരിച്ച സ്റ്റേജുണ്ട്. മുന്നിൽ കസേരകൾ നിരത്തിയിട്ടിരിക്കുന്നു. മൈക്കും ക്യാബിനുമൊക്കെയുണ്ട്. സ്ത്രീകൾക്ക് പ്രത്യേക സൗകര്യം ഒരുക്കിയിരിക്കുന്നു. അവിടെ അങ്ങോട്ടുമിങ്ങോട്ടും കാണാത്ത വിധം നല്ല കർട്ടനിട്ടിട്ടുണ്ട്. ഒരുഭാഗത്ത് ഭക്ഷണം പാകം ചെയ്തു തുടങ്ങിയിരിക്കുന്നു. കുഞ്ഞുമോന്റെ കുടുംബക്കാരെല്ലാം ഒരുമിച്ചുകൂടിയിരിക്കുന്നു.

കുഞ്ഞുമോനും കുഞ്ഞോള്യാളും ഉമ്മയും ഉപ്പയുമൊക്കെ നേരത്തെ തന്നെ എത്തിയിട്ടുണ്ട്. കുടുംബസംഗമത്തെക്കുറിച്ചോർത്ത് ഇന്നലെ രാത്രി ഉറക്കം വന്നിട്ടില്ലല്ലോ. പരിപാടിയിൽ പാട്ടുപാടണമെന്നും പ്രസംഗിക്കണമെന്നുമൊക്കെ ഉപ്പയും ഉമ്മയും പറഞ്ഞിട്ടുണ്ട്. നബിദിനത്തിൽ മദ്റസയിൽ അവതരിപ്പിച്ച പരിപാടികൾ മതിയെന്നാണു പറഞ്ഞത്. എന്നാലും റിഹേഴ്സൽ ആവശ്യമാണല്ലോ. എല്ലാം ഉമ്മയുടെയും കുഞ്ഞോള്യാളുടെയും മുമ്പിൽ അവതരിപ്പിച്ചു റെഡിയായാണ് വന്നിരിക്കുന്നത്.

കുടുംബക്കാർ എത്തിത്തുടങ്ങിയതോടെ സന്തോഷമായി. അവരെ സ്വീകരിക്കുന്നതിന്റെയും വർത്തമാനങ്ങൾ ചോദിക്കുന്നതിന്റെയും ബഹളമാണെങ്ങും. അവർക്കിടയിലൂടെ



കുഞ്ഞുമോൻ
കുഞ്ഞ്യോളു
ടെ കൈപിടി
ച്ച് ഓടി നടന്നു.
വരുന്നവരെയെ
ല്ലാം സ്വീകരി
ച്ചിരുത്തുന്നവർ,
മധുരപാനീയം
കൊടുക്കുന്ന
വർ, കുട്ടികൾ
ക്ക് മിഠായി
കൊടുക്കുന്ന
വർ, ഇരിക്കാൻ
സൗകര്യമൊ
രുക്കുന്നവർ.....
അങ്ങനെ ഒരു
കല്യാണം പോ
ലെ ബഹുജോർ!

സ്റ്റേജിൽ ആണുങ്ങൾ മാത്രം. ഉപ്പൂപ്പമാരാണ് മുൻ നിരയിൽ. അവരു ടെ മുഖത്തൊക്കെ വലിയ സന്തോഷം പ്രകടമാണ്. പള്ളിയി ലെ ഉസ്താദ് എത്തിയ തോടെ പരിപാടി തുടങ്ങാ റായി. കുഞ്ഞുമോന്റെ ഉപ്പ സ്വാഗതം പറയാൻ എഴുന്നേ റ്റു. അപ്പോഴാണ് ഉപ്പയുടെ പ്രസംഗം ആദ്യമായി കേൾ ക്കുന്നത്. നല്ല പ്രസംഗം! അപ്പോ ഉപ്പയ്ക്കും പ്രസം ഗിക്കാനറിയാമല്ലേ! കുഞ്ഞു മോൻ സ്വയം പറഞ്ഞു.

ഉസ്താദാണ് ഉദ്ഘാ ടകൻ. ഉസ്താദിനെ ഉദ്ഘാട നപ്രസംഗത്തിന്നായി ക്ഷണി ച്ചപ്പോൾ ഉപ്പ പറഞ്ഞു: 'കുട്ടികൾ ബഹളമുണ്ടാക്ക രുത്. കളിക്കാൻ അപ്പുറത്ത്



പറഞ്ഞു. കുടുംബബന്ധം മുറിച്ചു കളഞ്ഞാലുള്ള അപകടം വിവരിച്ചു.

മുത്തുനബി(സ) പറഞ്ഞു: 'അല്ലാഹു എല്ലാം സൃഷ്ടിച്ചു കഴിഞ്ഞപ്പോൾ കുടുംബബന്ധം എഴുന്നേറ്റുനിന്ന് അല്ലാഹുവിനോട് പറഞ്ഞു: 'പടച്ചവനേ, മനുഷ്യർ കുടുംബബന്ധം മുറിച്ചു കളഞ്ഞേക്കും. അതിൽനിന്നു ഞാൻ നിന്നോട് രക്ഷ തേടുന്നു.' അപ്പോൾ അല്ലാഹു പറഞ്ഞു: 'നിന്റെ ബന്ധം ചേർത്തവരെ ഞാൻ ചേർക്കുകയും നിന്റെ ബന്ധം മുറിച്ചവരുമായുള്ള ബന്ധം ഞാൻ മുറിച്ചു കളയുകയും ചെയ്താൽ നീ തൃപ്തിപ്പെടുമോ?' കുടുംബബന്ധം 'അതേ' എന്നു പറഞ്ഞപ്പോൾ അല്ലാഹു പറഞ്ഞു: 'എന്നാൽ ആ കാര്യം ഞാൻ നിനക്ക് ഉറപ്പുതരുന്നു.' അതുകൊണ്ട് നിങ്ങൾ വളരെ സൂക്ഷിക്കണം. കുടുംബബന്ധം മുറിക്കുന്നവരുമായി അല്ലാഹുവിന് ബന്ധമുണ്ടാവില്ല. അത്തരക്കാരെ അവൻ ശപിച്ചിട്ടുണ്ട്.' ഉസ്താദ് വിശദമാക്കി. പിന്നെ, മുത്തു

സൗകര്യമൊരുക്കിയിട്ടുണ്ട്. കളിക്കേണ്ടവർക്ക് അങ്ങോട്ടു പോകാം.'

അത് കേട്ടപാടെ കുറെ കുട്ടികൾ അങ്ങോട്ടോടി. കുഞ്ഞുമോൻ അവിടെത്തന്നെയിരുന്നു. സദസ്സ് നിശ്ശബ്ദമായി. ഉസ്താദ് പ്രസംഗം തുടങ്ങി. കുടുംബബന്ധം ചേർക്കുന്നതിന്റെ മഹത്വം

നബി(സ)യുടെ കുടുംബ സ്നേഹത്തെക്കുറിച്ച് വിശദീകരിച്ചു. കുഞ്ഞുമോൻ എല്ലാം ശ്രദ്ധിച്ചുകേട്ടു.

പിന്നെ ഉപ്പൂപ്പമാർ പണ്ടത്തെ കഥകൾ പറഞ്ഞു. അവർ സഹിച്ച കഷ്ടപ്പാടുകളെക്കുറിച്ച് വിവരിച്ചപ്പോൾ തോന്നി, ഇപ്പോൾ നമ്മളൊക്കെ എത്ര സുഖത്തിലാണെന്ന്. അവർ സഹിച്ചതു പോലുള്ള പട്ടിണിയും ഇല്ലായ്മയുമൊന്നും ഇന്നില്ലല്ലോ. വയറുനിറയെ ചോറുണ്ണാൻ ഭാഗ്യമില്ലാതെ പോയ ആ നാളുകളെക്കുറിച്ച് ഒരുപ്പൂപ്പ വിശദീകരിച്ചപ്പോൾ കുഞ്ഞുമോന്റെ കണ്ണുകൾ നിറഞ്ഞുപോയി.

കുട്ടികളുടെ കലാപരിപാടിയിൽ കുഞ്ഞുമോൻ തകർത്തു. പ്രസംഗത്തിലും ഗാനാലാപനത്തിലും ഒന്നാം സ്ഥാനം കുഞ്ഞുമോന് തന്നെ. മറ്റു കുട്ടികളും പല പരിപാടികളും അവതരിപ്പിച്ചു. ഉപ്പൂപ്പമാരും ഉമ്മൂമ്മമാരും പരിപാടികൾ ആസ്വദിക്കുന്നതു കണ്ടപ്പോൾ എല്ലാവർക്കും നല്ല സന്തോഷമായി.

ബിരിയാണിയുടെ മണം പരന്നപ്പോൾ അനൗൺസ്മെന്റ് മുഴങ്ങി: 'ഇനി നമുക്ക് ഭക്ഷണം കഴിച്ചു വരാം.'

നല്ല കോഴിബിരിയാണി വയറു നിറയെ കഴിച്ചു; പിന്നെ ഒരു ഐസ്ക്രീമും. ഗംഭീരം തന്നെ കുടുംബ സംഗമം!

ഉച്ചയ്ക്കുള്ള ഇടവേളയിലാണ് കൂട്ടുകാരെയൊക്കെ കാണാൻ കഴിഞ്ഞത്. സ്കൂളിലും മദ്റസയിലുമൊക്കെയുള്ള കൂട്ടുകാർ പലരും എത്തിയിരിക്കുന്നു. അവരൊക്കെ സ്വന്തം കുടുംബക്കാരാണെന്നറിഞ്ഞപ്പോൾ ബഹുസന്തോഷമായി. എത്രയെത്ര കുടുംബക്കാർ! ഇത്രയും വലിയൊരു കുടുംബമാണല്ലോ തന്റേതെന്നോർത്തപ്പോൾ കുഞ്ഞുമോന് വല്ലാത്തൊരഭിമാനം തോന്നി.

എല്ലാ മുഖങ്ങളിലും സന്തോഷമാണ്. എത്രയോ കാലമായി കണ്ടിട്ടില്ലാത്തവർ വീണ്ടും കണ്ടപ്പോഴുള്ള സന്തോഷം! ഒന്നിച്ചിരുന്ന് വർത്തമാനം പറയാൻ അവസരം കിട്ടിയതിലുള്ള സന്തോഷം! അങ്ങോട്ടുമിങ്ങോട്ടും വിശേഷങ്ങൾ കൈമാറാൻ കഴിഞ്ഞതിലുള്ള സന്തോഷം! നാട്ടിൽ കാണുന്ന പലരും സ്വന്തം

കുടുംബക്കാരാണെന്നറി ഞ്ഞതിലുള്ള സന്തോഷം! എല്ലാവർക്കും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ കഴി ഞ്ഞതിലുള്ള സന്തോഷം! കുട്ടികൾക്ക് പരസ്പരം പരി ചയപ്പെടാനും കുറെ നേരം ഒന്നിച്ചു കളിക്കാനും കഴി ഞ്ഞതിലുള്ള സന്തോഷം! ഐസ്ക്രീമും കൈ നിറയെ ചോക്ലേറ്റും കിട്ടിയതിലുള്ള സന്തോഷം! കുഞ്ഞുമോന് അതിലെല്ലാം മീതെ കൈ നിറയെ വിലപ്പെട്ട സമ്മാന ങ്ങൾ കിട്ടിയതിൽ സന്തോ ഷം! അങ്ങനെ സന്തോഷ ത്തിനു മേൽ സന്തോഷം.

പിരിയാറായപ്പോൾ എല്ലാവരും പറയുന്നു: 'മത നിയമങ്ങളെല്ലാം പാലിച്ച് അച്ചടക്കത്തോടെ നമുക്ക് എല്ലാ കൊല്ലവും ഇതു പോലെ ഒരുമിച്ചു കൂടണം. മക്കളെയും പേരമക്കളെയും കാണുമ്പോൾ പ്രായമായ നമ്മുടെ മാതാപിതാക്കൾക്ക് വലിയ സന്തോഷമാകും.' അപ്പോൾ കുഞ്ഞുമോനും കൂട്ടുകാരും ഉറക്കെ വിളിച്ചു പറഞ്ഞു:

*'വേണം വേണം*
*ഒരുമിക്കേണം,*
*ഇനിയും ഇതുപോൽ*
*കൂടേണം.'*

## ഇന്റർനെറ്റിൽ 90 കോടി പേർ

ഇന്ത്യയിലെ 143 കോടി ജന ങ്ങളിൽ 90 കോടി പേരും ഇന്റർ നെറ്റ് ഉപയോക്താക്കളെന്ന് പ ഠനം!

ആകെ ജനസം ഖ്യയുടെ നാലിലൊന്ന് വയോജനങ്ങളും ചെറിയ കുട്ടികളുമാണ്. ഇവരെ മാറ്റിനിർത്തി യാൽ 15 കോടിയോളം പേർ മാത്രമാണ് ഇന്റർനെറ്റ് ഉപ യോഗിക്കാത്തവരായുള്ളത്. ഇന്റർനെറ്റ് ഉപയോഗ സാന്ദ്രത ഇത്രയധികമുയുള്ള രാജ്യങ്ങൾ നന്നേ കുറവാണെന്ന് 'ഇന്റർനെറ്റ് ഇന്ത്യ റിപ്പോർട്ട്' സൂചിപ്പിക്കുന്നു.



ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോ സിയേഷൻ ഓഫ് ഇന്ത്യയാണ് റിപ്പോർട്ട് തയാറാക്കിയത്. ഇന്ത്യ യിലെ ഇന്റർനെറ്റ് ഉപയോക്താക്കളിൽ പകുതിയിലധികവും ഗ്രാമീണമേ ഖലയിൽനിന്നുള്ളവരാണെന്നും റിപ്പോർട്ടിലുണ്ട്.

ശാസ്ത്രശാല

# ബലൂൺ റോക്കറ്റ്

**സി**പ് ലൈനുകളിലൂടെ സഞ്ചരിച്ചിട്ടുണ്ടോ? ഒരു കെട്ടിടത്തിൽ നിന്ന് മറ്റൊരുകെട്ടിടത്തിലേക്ക് ചരടുകെട്ടി അതുവഴി സഞ്ചരിക്കുന്നതു കണ്ടിട്ടില്ലേ? ബലൂണുകളും അങ്ങനെ സഞ്ചരിക്കുന്നതു കണ്ടാലോ?

**ആവശ്യമായ വസ്തുക്കൾ:**
ബലൂൺ, ചരട്, കത്രിക, ടേപ്പ്, സ്ട്രോ.

**തുടങ്ങാം:**

1. ബലൂൺ വീർപ്പിച്ച് അതിന്റെ വായ ഒരു ടേപ്പുപയോഗിച്ച് ഒട്ടിക്കുകയോ ഒരു ക്ലിപ് ഉപയോഗിച്ച് താൽക്കാലികമായി അടയ്ക്കുകയോ ചെയ്യുക.

2. ബലൂണിനു മുകളിൽ സ്ട്രോ നീളത്തിൽ ഒട്ടിക്കുക.

3. ചരട് സ്ട്രോയിലൂടെ കടത്തിവിടുക. ശേഷം അതിന്റെ അറ്റങ്ങൾ ഏതെങ്കിലും ഫർണിച്ചറുകളിൽ വലിച്ചുകെട്ടുക

4. ബലൂൺ ചരടിന്റെ ഒരറ്റത്തേക്കു പിടിച്ച് അതിന്റെ വായ തുറന്നുവിടുക.

ബലൂൺ ഒരു റോക്കറ്റ് പോലെ ചരടിലൂടെ നീങ്ങുന്നതു കാണാം.

**സംഭവിക്കുന്നത്:**

ന്യൂട്ടന്റെ മൂന്ന് ചലന നിയമങ്ങളിലൊന്നനുസരിച്ച്, എല്ലാ പ്രവർത്തനത്തിനും തുല്യവും വിപരീതവുമായ പ്രതിപ്രവർത്തനമുണ്ട്. ബലൂണിൽ നിന്ന് പുറത്തുകടക്കുന്ന വായു അതിനെ എതിർദിശയിലേക്ക് തള്ളുന്നു. അകത്തെ വായു ശൂന്യമാകുന്നതുവരെ ബലൂൺ ഇങ്ങനെ നീങ്ങിക്കൊണ്ടിരിക്കുന്നു.

വെവ്വേറെ ബലൂണുകൾ വെവ്വേറെ ചരടുകളിൽ വെച്ച് മത്സരം സംഘടിപ്പിക്കാം. ആരുടെ ബലൂണാണ് ആദ്യം ഫിനിഷ് ചെയ്യുന്നതെന്നു നോക്കാം.



Current Affairs

## വനവിസ്തൃതി കൂടി

ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ ഇന്ത്യാ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2023 പ്രകാരം രാജ്യത്തെ ആകെ വനവും മരങ്ങളും 8,27,357 ചതുരശ്ര കിലോമീറ്ററുണ്ട്. വനമേഖലയ്ക്കു മാത്രം 7,15,343 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുണ്ട്. 2021നെ അപേക്ഷിച്ച് രാജ്യത്തെ മൊത്തം വനവിസ്തൃതിയിൽ 1445 ചതുരശ്ര കിലോമീറ്റർ വർധനയുണ്ടായതായി റിപ്പോർട്ട് പറയുന്നു.

## ഇന്ത്യയെ കാറിലാക്കിയ സുസുക്കി



മാരുതി സുസുക്കി സ്ഥാപകനും ജപ്പാനിലെ സുസുക്കി മോട്ടോർ മുൻചെയർമാനുമായ ഒസാമു സുസുക്കി അന്തരിച്ചു. മാരുതി 800 കാറിലൂടെ ഇന്ത്യയിൽ കുടുംബ വാഹന വിപ്ലവത്തിനു തുടക്കമിട്ടത് ഒസാമുവാണ്. രാജ്യം അദ്ദേഹത്തെ പത്മഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്. 2024 ഡിസംബർ 25 നായിരുന്നു വിയോഗം.

## മദൻ ബി. ലോക്കുർ

സുപ്രീംകോടതി മുൻജഡ്ജി മദൻ ബി. ലോക്കുറിനെ ഐക്യരാഷ്ട്രസഭാ ഇന്റേണൽ ജസ്റ്റിസ് കൗൺസിൽ (ഐ.ജെ.സി) അധ്യക്ഷനായി നിയമിച്ചു. 2028 നവംബർ 12 വരെയാണ് കാലാവധി. 2012 മുതൽ 2018 വരെ സുപ്രീംകോടതി ജഡ്ജിയായിരുന്നു ലോക്കുർ. 2019ൽ ഫിജി സുപ്രീംകോടതിയിലെ നോൺ റെസിഡന്റ് പാനൽ ജഡ്ജിയായി നിയമിക്കപ്പെട്ടിരുന്നു. മറ്റൊരു രാജ്യത്തിന്റെ സുപ്രീംകോടതി ജഡ്ജിയാവുന്ന ആദ്യ ഇന്ത്യക്കാരൻകൂടിയാണ് ലോക്കുർ.

## അർലേക്കർ പുതിയ ഗവർണർ



ബിഹാർ ഗവർണറായിരുന്ന രാജേന്ദ്രവിശ്വനാഥ് അർലേക്കറെ കേരള ഗവർണറായി രാഷ്ട്രപതി നിയമിച്ചു. നിലവിലുണ്ടായിരുന്ന കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ ബിഹാറിലേക്കു മാറ്റി. ഗോവയിൽ ബി.ജെ.പിയുടെ നേതാവായി തിളങ്ങിയശേഷമാണ് അർലേക്കർ ഗവർണർ പദവിയിലെത്തിയത്.

Current Affairs

## സൂര്യനരികിൽ

യു.എസ് ബഹിരാകാശ ഏജൻസിയായ നാസ വിക്ഷേപിച്ച സൗരദൗത്യമായ പാർക്കർ സോളർ പ്രോബ് സൂര്യനിൽ നിന്ന് 61 ലക്ഷം കിലോമീറ്ററിൽ കുറവ് ദൂരത്തിലെത്തി ചരിത്രം കുറിച്ചു. സൂര്യന്റെ ബാഹ്യാന്തരീക്ഷമായ കൊറോണയിലൂടെ 1400 ഡി.ഗ്രി സെൽഷ്യസ് താപനില അതിജീവിച്ചാണ് പാർക്കർ സോളർ പ്രോബ് സഞ്ചരിച്ചത്.

## ബഹിരാകാശത്തെ ചൈനീസ് നടത്തം



ഏറ്റവും ദൈർഘ്യമേറിയ ബഹിരാകാശ നടത്തത്തിനുള്ള റെക്കോർഡ് ചൈനീസ് ബഹിരാകാശ സഞ്ചാരികളായ ചൈയ്സുഷെയും സൊങ്ലിങ്ഡോങ്ങും സ്വന്തമാക്കി. ടിയൻഗോങ് ബഹിരാകാശ നിലയത്തിനു പുറത്ത് ഒൻപത് മണിക്കൂർ നടന്നാണ് പുതിയ നേട്ടം കുറിച്ചത്. നാസയുടെ ബഹിരാകാശ സഞ്ചാരികളായ ജയിംസ്‌വോസും സൂസൻഹൈംസും 2001ൽ എട്ടു മണിക്കൂർ 56 മിനിറ്റ് നടന്നതായിരുന്നു ഇതുവരെയുള്ള സ്പേസ് വാക്കിങ് റെക്കോർഡ്.

## ചാംപ്യൻസ് ഓഫ് ദി എർത്ത്

പരിസ്ഥിതി മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഐക്യരാഷ്ട്ര സംഘടന നൽകുന്ന പരമോന്നത ബഹുമതിയായ 'ചാംപ്യൻസ് ഓഫ് ദി എർത്ത്' പുരസ്കാരത്തിനു പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ അർഹനായി. പശ്ചിമഘട്ട സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾക്കാണു പുരസ്കാരം.

## ജിമ്മി കാർട്ടർ ഓർമ

മുൻ അമേരിക്കൻ പ്രസിഡന്റും സമാധാന നൊബേൽ പുരസ്കാരജേതാവുമായ ജിമ്മി കാർട്ടർ അന്തരിച്ചു. അമേരിക്കയുടെ 39-ാമത്തെ പ്രസിഡന്റാണ്. 100 വയസ്സ് വരെ ജീവിച്ച ആദ്യത്തെ അമേരിക്കൻ പ്രസിഡന്റാണ് കാർട്ടർ. ഡെമോക്രാറ്റ് പാർട്ടി നേതാവായിരുന്ന കാർട്ടർ 1977 മുതൽ 1981 വരെയാണു യുഎസ് പ്രസിഡന്റായത്. രാജ്യാന്തര സംഘർഷങ്ങളിലെ സമാധാന ശ്രമങ്ങൾക്ക് 2002 ലാണു ജിമ്മി കാർട്ടറിനു സമാധാന നൊബേൽ സമ്മാനം ലഭിച്ചത്.

# വിശപ്പടങ്ങൽ



കാട്ടിലൂടെ വിശന്നു വലഞ്ഞു നടക്കുകയായിരുന്നു കുറുക്കൻ.
ഹമ്മോ, ഞാനിപ്പോൾ വിശന്നു ചാകും.
ങേ, നല്ല പഴുത്ത പഴങ്ങളല്ലേ വീണു കിടക്കുന്നത്?
ഹായ്, നല്ല രുചി! എല്ലാം വേഗം തിന്നു തീർക്കാം.
പെട്ടെന്ന്,
അയ്യോ, ഒരു സിംഹത്തിന്റെ ശബ്ദമല്ലേ ആ കേൾക്കുന്നത്, വേഗം എന്തെങ്കിലും വിദ്യയൊപ്പിക്കണം.
ങ്ഹാ, ഒരു വഴിയുണ്ട്.



പഴങ്ങൾ വീണുകിടക്കുന്നത് സിംഹം ദൂരെ നിന്ന് കണ്ടു.
ഹായ്, ആ മരത്തിന് ചുവട്ടിൽ ഏതോ പഴങ്ങൾ വീണു കിടപ്പുല്ലോ, പോയി നോക്കാം.
കുറുക്കൻ ആപഴങ്ങൾക്കു മീതെ കിടന്ന് വേദന അഭിനയിച്ചു.
ഹയ്യോ! വയറു വേദനിക്കുന്നേ, ഞാനിപ്പോൾ ചാകുമേ!
എന്തുപറ്റി, സുഹൃത്തേ?
അങ്ങുന്നേ, ഇത് വിശപ്പഴങ്ങളാണേ, തിന്നരുതേ, ഹയ്യോ!
കുറുക്കൻ അനക്കമില്ലാതെ കിടന്നു.
വിഷപ്പഴം കഴിച്ച് കുറുക്കന്റെ കഥ കഴിഞ്ഞെന്നു തോന്നുന്നു.


സിംഹം തിരിച്ചു പോയപ്പോൾ,
ഹിഹി! വിദ്യ ഫലിച്ചു. ഇനി വേറൊരു പണി കൂടി ഒപ്പിക്കാം.
പഴങ്ങളിൽ വിഷമുള്ളതും ഇല്ലാത്തതും എങ്ങനെ തിരിച്ചറിയും?
കുറുക്കൻ പുഴക്കരയിലെത്തി.
ഈ അസ്ഥികൂടം കൊണ്ടുപോയി ആ പഴങ്ങൾക്കടുത്തു വയ്ക്കാം.
ഇനി ഈ പഴം തിന്നാൽ ഇതുവഴി ആരും വരില്ല.
കുറുക്കൻ എല്ലാദിവസവും വന്ന് ഒറ്റയ്ക്ക് പഴങ്ങൾ അകത്താക്കി.
ഹായ്, നല്ല രുചിയുള്ള പഴങ്ങൾ!
പിന്നീടൊരിക്കൽ,
ങ്ങേ, മുമ്പ് വന്നിരുന്ന സിംഹമല്ലേ ആ വരുന്നത്? മുമ്പ് നടന്നതെല്ലാം അവൻ മറന്നെന്നു തോന്നുന്നു.


ഹായ് നല്ല പഴ
ങ്ങൾ!
ഹയ്യോ, മുമ്പ് വിഷപ്പ
ഴം കഴിച്ചു മരിച്ച
കുറുക്കന്റെ അ
സ്ഥികൂടമല്ലേ ഇത്?
ഭാഗ്യം കൊണ്ട് രക്ഷ
പ്പെട്ടു. ഞാനക്കാ
ര്യം മറന്നിരുന്നു.
ഹ.ഹ! സിംഹം
മറന്നിട്ടില്ല.
അതുമുതൽ സിംഹങ്ങൾ പഴങ്ങൾ കഴിക്കാതായി.
ഹായ്,
പഴങ്ങൾ!
അതു കഴിക്കല്ലേ,
വിഷപ്പഴങ്ങളായിരി
ക്കും.

അബ്ദുല്ല പേരാമ്പ്ര

# ചെന്നായയും ചെമ്മരിയാടും

**കാ**ട്ടിൽ ക്രൂരനായ ഒരു ചെന്നായ ജീവിച്ചിരുന്നു. ചെറിയ മൃഗങ്ങൾക്കെല്ലാം ചെന്നായയെ വലിയ പേടിയാണ്. തരം കിട്ടിയാൽ ചെന്നായ അവരെ ആക്രമിക്കും.

ഒരു ദിവസം ചെന്നായ മറ്റൊരു കാട്ടിൽ നിന്നു വന്ന കരടിയുമായി ഏറ്റുമുട്ടി. ഒരുപാട് നേരം നീണ്ട പോരാട്ടത്തിൽ ചെന്നായക്ക് ഗുരുതരമായ പരിക്കുപറ്റി. എഴുന്നേറ്റ് നടക്കാൻ പോലും കഴിയാത്ത അവസ്ഥ. രണ്ടു ദിവസം അതേപടി കിടന്നപ്പോൾ ചെന്നായ അവശനായി. ഭക്ഷണമോ

## ചിരിയഴക്



മുറ്റത്തെ തൈമുല്ല പൂ ചൊരിഞ്ഞു
മുത്തശ്ശി മുല്ലപ്പൂ പോൽ ചിരിച്ചു
മൂവന്തി നേരത്ത് മുത്തുമണിപോലെ
മുല്ലമൊട്ടായിരം പുഞ്ചിരിച്ചു.

മുത്തശ്ശി പൂക്കളാൽ മാല തീർത്തു
കൊച്ചുകുഞ്ഞിന്റെ മുടിയിലിട്ടു
കുഞ്ഞിൻ ചിരിയിൽ വിരിഞ്ഞുവന്നേരം
ചേലുള്ള പല്ലിൻ ചിരിയഴക്.

വിജയ വാസുദേവൻ



വെള്ളമോ ഇല്ലാതെ ജീവൻ നഷ്ടപ്പെടുമെന്ന അവസ്ഥയിലായി.

അപ്പോഴാണ് ഒരു ചെമ്മരിയാട് അതുവഴി വന്നത്. ചെന്നായയെ പെട്ടെന്ന് മുന്നിൽ കണ്ടപ്പോൾ പേടിച്ചുവെങ്കിലും ചെമ്മരിയാട് ഓടിപ്പോയില്ല. ചെമ്മരിയാടിനെ കണ്ടതോടെ ചെന്നായക്ക് ആശ്വാസമായി. ‘ചെമ്മരിയാടേ, ഞാൻ ഒരു കരടിയുമായി ഏറ്റുമുട്ടി വലിയ പരിക്കേറ്റ് തളർന്നു കിടക്കുകയാണ്. ഒരിറക്ക് വെള്ളം കുടിച്ചിട്ട് രണ്ടു നാളായി. എനിക്ക് കുറച്ചു വെള്ളം കൊണ്ടുവന്ന് തരാമോ?’

ചെന്നായയുടെ വാക്കുകൾ കേട്ട് ഒരു പുഞ്ചിരിയോടെ ചെമ്മരിയാട് പറഞ്ഞു: ‘സുഹൃത്തേ, നിനക്ക് വെള്ളം കൊണ്ടുവന്നു തരുന്നതിലും ഭേദം ഞാൻ നിനക്ക് ഭക്ഷണമാകുന്നതല്ലേ? നിന്റെ സ്വഭാവം അറിയാത്തവരാണോ കാട്ടിലെ മൃഗങ്ങൾ?’ ഇത്രയും പറഞ്ഞ് ചെമ്മരിയാട് ദൂരേക്ക് ഓടിപ്പോയി.

‘സ്വഭാവം നന്നായില്ലെങ്കിൽ എല്ലാവരുടെയും ഗതി ഇതുതന്നെ!’ ചെന്നായ മനസ്സിൽ പറഞ്ഞു.

# വിഡ്ഢിയായ കള്ളൻ



ഒരിക്കൽ ഒരു വ്യാപാരി അക്ബറിന്റെ കൊട്ടാരത്തിലെത്തി
തിരുമനസ്സേ, അടിയന്റെ വീട്ടിലിന്നലെ ആരോ മോഷണം നടത്തിയിട്ടുണ്ട്. വിലപിടിപ്പുള്ളതെല്ലാം കള്ളൻ കൊണ്ടുപോയി.
ബീർബൽ, കള്ളനെ കണ്ടെത്താനാവശ്യമായത് ഉടൻ ചെയ്യണം.
ശരി, തിരുമനസ്സേ.
ബീർബൽ കൊട്ടാരത്തിലെ പാറാവുകാരനെ വിളിച്ച് എന്തോ രഹസ്യം പറഞ്ഞു.
ഇക്കാര്യം കാണുന്നവരോടെല്ലാം പറയണം.
വൈകാതെ,
കേട്ടില്ലേ, വ്യാപാരിയുടെ വീട്ടിൽ നിന്ന് മോഷ്ടിച്ചതെല്ലാം കള്ളൻ കൊട്ടാരത്തിന്റെ കവാടത്തിനടുത്ത് ഉപേക്ഷിച്ചിട്ടുണ്ടത്രേ!
ങേ, നേരോ?



ചന്തയിൽ,
കേട്ടില്ലേ, വ്യാപാരിയുടെ വീട്ടിലെ കള്ളന്റെ കഥ?
ഹഹ! കള്ളൻ മഹാമണ്ടൻ തന്നെ!
അവർ പറയുന്നത് കേട്ടപ്പോൾ കള്ളന് സംശയമായി.
ങേ! തൊണ്ടിമുതൽ എങ്ങനെ അവിടെയെത്തി? രാത്രിയാവട്ടെ.
രാത്രി കള്ളൻ കൊട്ടാരത്തിനടുത്തെത്തി
അത് എടുത്തില്ലെങ്കിൽ നാണക്കേടാണ്.
പെട്ടെന്ന് ഒളിച്ചിരുന്ന പാറാവുകാർ ചാടിവീണു.
പിടിയവനെ!
വിടരുതവനെ!
രാജാവ് വ്യാപാരിയുടെ പണം തിരിച്ചു നൽകി.
ബീർബൽ, ഇത് താങ്കൾക്കും ഇരിക്കട്ടെ.
നന്ദി, തിരുമനസ്സേ!



**സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ**



# മൗലാനാ അബുൽകലാം ആസാദ്

ഹാഫിള് മുഹ്സിൻ തൂത

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ നിർണായക പങ്കുവഹിച്ച പണ്ഡിതനായിരുന്നു മൗലാനാ അബുൽകലാം ആസാദ്. 1888 നവംബർ 11ന് മക്കയിലാണ് ആസാദ് ജനിച്ചത്. പണ്ഡിതവര്യനായ മൗലാനാ ഖൈറുദ്ദീൻ, ആലിയ ബിൻത് മുഹമ്മദ് എന്നിവരാണ് മാതാപിതാക്കൾ. രണ്ടാം വയസ്സിൽ മാതാപിതാക്കൾക്കൊപ്പം ഇന്ത്യയിലെത്തിയ അദ്ദേഹം ഉന്നത വിദ്യാഭ്യാസം നേടി ബ്രിട്ടീഷുകാർക്കെതിരെ ആശയപരമായ പോരാട്ടം നടത്തി. പത്രപ്രവർത്തനത്തിൽ സജീവമായ അദ്ദേഹം ബ്രിട്ടീഷ്ഭരണത്തിലെ അനീതിയും ക്രൂരതകളും തുറന്നുകാട്ടാൻ 'അൽഹിലാൽ' എന്ന പത്രം പ്രസിദ്ധീകരിച്ചു. ഇതിൽ കുപിതരായ ബ്രിട്ടീഷുകാർ പത്രം നിരോധിക്കുകയും അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു.

## ഗാന്ധിയോടൊപ്പം

കൽക്കട്ടയിലേക്ക് തിരിച്ചെത്തിയ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ഗാന്ധിയുമൊത്ത് പ്രവർത്തിക്കുകയും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ സജീവമാവുകയും ചെയ്തു. ഉപ്പുസത്യഗ്രഹം പോലുള്ള നിയമലംഘനസമരങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതി

നും മറ്റും 1920–1945 കാലയളവിൽ നിരവധി തവണ തടവിലായി. അബുൽകലാം ആസാദ് രണ്ടുതവണ കോൺഗ്രസിന്റെ അധ്യക്ഷനായിട്ടുണ്ട്.



### സ്വാതന്ത്ര്യാനന്തരം

ഇന്ത്യ–പാക്കിസ്ഥാൻ വിഭജനത്തിന്റെ അപകടം തിരിച്ചറിഞ്ഞ അദ്ദേഹം വിഭജനത്തെ ശക്തമായെതിർത്തു. വിഭജനത്തിന് നേതൃത്വം വഹിച്ചവരെ വിമർശിക്കുകയും ചെയ്തു. വിഭജനാനന്തരം കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ ഡൽഹി ജുമാമസ്ജിദിന്റെ അങ്കണത്തിൽ ആസാദ് നടത്തിയ പ്രസംഗം ചരിത്രപ്രസിദ്ധമാണ്. രാജ്യത്ത് സമാധാനം നിലനിർത്താനും ഇന്ത്യയിൽ ഐക്യത്തോടെ കഴിയാനും അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചു.

സ്വാതന്ത്ര്യാനന്തരം മൗലാനാ അബുൽകലാം ആസാദ് ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസമന്ത്രിയായി. ഗ്രാമീണ ജനതയുടെയും സ്ത്രീകളുടെയും വിദ്യാഭ്യാസത്തിന് മുൻഗണന നൽകിയ ആസാദ് ജാമിഅ മില്ലിയ്യ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി തുടങ്ങിയ ഇന്ത്യയിലെ പരമോന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. ഇന്ത്യയും മറ്റു രാജ്യങ്ങളും തമ്മിലുള്ള സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുന്ന സർക്കാർ സ്ഥാപനമായ ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് അദ്ദേഹം സ്ഥാപിച്ചു.

1958 ഫെബ്രുവരി 22 ന് അദ്ദേഹം അന്തരിച്ചു. ഇന്ത്യ വിൻസ് ഫ്രീഡം എന്ന ആസാദിന്റെ ആത്മകഥ അദ്ദേഹത്തിന്റെ മരണാനന്തരം 1959 ൽ പ്രസിദ്ധീകരിച്ചു. 1992 ൽ, മരണത്തിനു പതിറ്റാണ്ടുകൾക്കു ശേഷം, ഇന്ത്യ അദ്ദേഹത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്നം നൽകി ആദരിച്ചു.

# തുമ്പിപ്പെണ്ണേ വായോ!



സൗദാറശീദ്

**നീ**ലമേലാപ്പിട്ട മാനത്തിൻ ചോട്ടിലെ
നീലയുടുപ്പിട്ട തുമ്പിപ്പെണ്ണേ..!
പാടവരമ്പത്തെ പൂക്കളിൽ തേനുണ്ണാൻ
പോകവേയെൻമുന്നിലൊന്നു നിൽക്കൂ.

ഇന്നലെയന്തിക്ക് പെയ്ത പേമാരിയിൽ
മണ്ണിലുതിർന്നിങ്ങു വീണതാണോ?
നീലപ്പൂമാനത്തിൻ കുഞ്ഞൊരു തുണ്ടമായ്
പൂക്കളെ കണ്ടിങ്ങു വന്നതാണോ?

മാരിവിൽപ്പെണ്ണിന്റെ വർണ്ണക്കുടുക്കയിൽ
ഒരു തുള്ളി അറിയാതെ തേവിപ്പോയോ?
ആരുനീയെങ്ങുനീയെങ്ങനെയെത്തിയെ-
ന്നെന്നോട് മെല്ലവേ ചൊല്ലിടാമോ?

നീലമേലാപ്പിട്ട മാനത്തിൻ ചോട്ടിലെ
നീലയുടുപ്പിട്ട തുമ്പിപ്പെണ്ണേ..!
പാടവരമ്പത്തെ പൂക്കളിൽ തേനുണ്ണാൻ
പോകവേയെൻമുന്നിലൊന്നു നിൽക്കൂ.

നാഫിഅ് വളപുരം

# നല്ല അയൽവാസി

മഹാനായ സഹ്‌ലുത്തുസ്തരി(റ)വിന് അവിശ്വാസിയായ ഒരു അയൽവാസിയുണ്ടായിരുന്നു. മരണാസന്നനായപ്പോൾ അദ്ദേഹം അയൽവാസിയെ വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ട് വീടിന്റെ ഒരു മൂലയിൽ മാലിന്യം നിറഞ്ഞ് ദുർഗന്ധം വമിക്കുന്ന വലിയൊരു പാത്രം കാണിച്ചുകൊടുത്തു. അയൽവാസി കാര്യമന്വേഷിച്ചു. സഹ്ൽ(റ) പറഞ്ഞു: 'സുഹൃത്തേ, താങ്കളുടെ വീടിന്റെ ശൗചാലയത്തിൽ നിന്ന് എന്റെ വീട്ടിലേക്ക് വന്നുകൊണ്ടിരിക്കുന്ന മാലിന്യമാണിത്. എല്ലാ ദിവസവും ഈ വലിയ പാത്രത്തിൽ ഞങ്ങൾ ആ മലിനജലം ശേഖരിക്കും. രാത്രി വിദൂരസ്ഥലത്ത് കൊണ്ടുപോയി ഉപേക്ഷിക്കുകയും ചെയ്യും.'

ഇതുകേട്ട അയൽവാസി ആശ്ചര്യത്തോടെ ചോദിച്ചു: 'നിങ്ങൾ ഇതുവരെ ഇക്കാര്യം എന്തുകൊണ്ട് എന്നെയറിയിച്ചില്ല?'

സഹ്ൽ(റ) പറഞ്ഞു: 'നിങ്ങളെ മാനസികമായി പ്രയാസപ്പെടുത്തേണ്ടെന്നു വിചാരിച്ചാണ് ഞാനിതുവരെ ഇക്കാര്യം പറയാതിരുന്നത്. ഇപ്പോൾ ഞാൻ മരണാസന്നനായിട്ടുണ്ട്. പാരത്രികലോകത്തേക്കുള്ള യാത്രയുടെ ഒരുക്കത്തിലാണ് ഞാനിതു നിങ്ങളോട് പറയുന്നത്. എനിക്കു ശേഷം മറ്റൊരാൾക്ക് ഇക്കാര്യം ചെയ്യാൻ കഴിയുമായിരുന്നെങ്കിൽ ഞാനിത് ഇപ്പോഴും താങ്കളോട് പറയുമായിരുന്നില്ല.'

ഇതുകേട്ട് അയൽവാസിയുടെ കണ്ണുകൾ നിറഞ്ഞു. 'നിശ്ചയം, താങ്കൾ ദൈവത്തിന്റെ ഇഷ്ടദാസന്മാരിലൊളാണെന്ന് എനിക്കുറപ്പുണ്ട്. ഒരു അവിശ്വാസിയായ എന്നോടുള്ള അങ്ങയുടെ പെരുമാറ്റം എന്നെ അത്ഭുതപ്പെടുത്തുന്നു.' ഇങ്ങനെ പറഞ്ഞ് സഹ്ൽ(റ)വിന്റെ കൈപിടിച്ച് സത്യസാക്ഷ്യവചനം ചൊല്ലി അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു.

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. 2024 ലെ ജെ.സി.ബി സാഹിത്യ പുരസ്കാരം നേടിയതാര്?

2. ഭരണഘടനയുടെ പുറംചട്ട തയ്യാറാക്കിയ ചിത്രകാരൻ?

3. 2024 ൽ പ്രസിദ്ധീകരണത്തിന്റെ അമ്പതാം വാർഷികം ആഘോഷിച്ച എം മുകുന്ദന്റെ നോവൽ?

4. ഇന്ത്യയിലെ ആദ്യത്തെ നൈറ്റ് സഫാരി പാർക്കിന്റെ നിർമ്മാണം ആരംഭിച്ചതെവിടെ?

5. ഐക്യരാഷ്ട്രസഭ ഇന്റേണൽ ജസ്റ്റിസ് കൗൺസിൽ (ഐ.ജെ.സി) അധ്യക്ഷനായി നിയമിതനായ സുപ്രീംകോടതി മുൻ ജഡ്ജി?

6. യു.എസിന്റെ ദേശീയപക്ഷിയായി അംഗീകരിക്കപ്പെട്ട പക്ഷി?

7.സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ ഒന്നാമതെത്തിയ സർവകലാശാല?

8. യുഎൻ ജനറൽ അസംബ്ലി ലോകധ്യാനദിനമായി തെരഞ്ഞെടുത്തത് ഏത് ദിവസം?

9. 2025ലെ ലോക പാരാഅത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് വേദി?

10. 2025 ജനുവരിയിൽ ഏകസിവിൽകോഡ് നടപ്പിലാക്കുന്ന സംസ്ഥാനം?

11. 2024ലെ പാരാലിംപിക്സിൽ ഇന്ത്യയുടെ സ്ഥാനം?

12. മികച്ച കർഷകന് കൃഷിവകുപ്പ് ഏർപ്പെടുത്തിയ 2024ലെ കർഷകോത്തമ പുരസ്കാരം ലഭിച്ചതാർക്ക്?

13. രക്ഷിതാക്കളുടെ പെൻഷൻ അക്കൗണ്ടിൽ പണം നിക്ഷേപിച്ചു കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാനുള്ള കേന്ദ്ര സർക്കാർ പദ്ധതി?

14. സൗരപഠനം ലക്ഷ്യമിട്ട് യൂറോപ്യൻ ബഹിരാകാശ





ഉപമന്യുചാറ്റർജി, മദൻ ബി ലോക്കുർ, വിശ്വനാഥ് ആർലേക്കർ, ഒസാമു സുസുക്കി, രവീന്ദ്രനാഥ ടാഗോർ

ഏജൻസിയും ഐ. എസ്. ആർ. ഒയും ചേർന്നു രൂപകൽപ്പന ചെയ്ത പ്രോബ3 യുടെ വിക്ഷേപണ വാഹനം ഏതാണ്?

15. കേരളത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തമായി കണക്കാക്കുന്ന വയനാട് ഉരുൾപൊട്ടൽ നടന്ന ദിവസം?

16. അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ മാറ്റങ്ങൾ രേഖപ്പെടുത്തുന്ന ഗ്രാഫ്?

17. ഇന്ത്യയുടെ കോട്ടണോപോളിസ് എന്നറിയപ്പെടുന്ന നഗരം?

18. 'മഹാനായ കാവൽക്കാരൻ' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചതാരെ?

19. സൈലന്റ്വാലി ദേശീയോദ്യാനം സ്ഥിതി ചെയ്യുന്ന ജില്ല?

20. കേരളത്തിന്റെ പുതിയ ഗവർണർ?

21. ഈയിടെ അന്തരിച്ച മാരുതി സുസുക്കി സ്ഥാപകൻ?

22. എം.ടി വാസുദേവൻ നായർക്ക് ജ്ഞാനപീഠം പുരസ്കാരം ലഭിച്ച വർഷം?

23. തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ജേതാക്കളായ ജില്ല?

24. ജി20 രാജ്യങ്ങളിൽ സാമ്പത്തിക വളർച്ചയിൽ ഒന്നാമതുള്ള രാജ്യം?

25. വന്യമൃഗങ്ങൾ കാടിറങ്ങുന്നത് തടയാൻ എ.ഐ സാങ്കേതികവിദ്യ ഉപയോഗിച്ച് സ്മാർട്ട് ഫെൻസിങ് ആരംഭിക്കുന്ന സംസ്ഥാനം?

**ഉത്തരങ്ങൾ**

1. ഉപമന്യുചാറ്റർജി, 2. നന്ദലാൽ ബോസ്, 3. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, 4. ലക്നൗ (യു.പി), 5. മദൻ ബി ലോക്കുർ, 6. ബാൾഡ് ഈഗിൾ, 7. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്), 8. ഡിസംബർ 21, 9. ന്യൂഡൽഹി, 10. ഉത്തരാഖണ്ഡ്, 11. 18, 12. ഡി.ഡി രവീന്ദ്രൻ നായർ, 13. എൻ.പി.എസ് വാത്സല്യ, 14. പി.എസ്.എൽ.വി - സി 59, 15. 2024 ജൂലൈ 30, 16. കീലിങ് കെർവ്, 17. മുംബൈ, 18. രവീന്ദ്രനാഥ ടാഗോർ, 19. പാലക്കാട്, 20. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, 21. ഒസാമു സുസുക്കി, 22. 1995, 23. തൃശൂർ, 24. ഇന്ത്യ, 25, കേരളം.

സത്യൻ കല്ലുരുട്ടി



**കാ**ട്ടിൽ സൂത്രക്കാരനായ ഒരു കുറുക്കനുണ്ടായിരുന്നു. മിക്ക സമയങ്ങളിലും തനിച്ചായിരുന്നു അവന്റെ നടത്തം. മറ്റു കുറുക്കന്മാരോടൊപ്പം നടന്നാൽ കിട്ടുന്നതിൽ ഒരു പങ്ക് അവർക്കും കൊടുക്കേണ്ടിവരുമല്ലോ. കിട്ടുന്നതെന്തും ഒറ്റയ്ക്കു കഴിക്കണമെന്നായിരുന്നു അവന്റെ ആഗ്രഹം.

# കുറുക്കനെ ഓടിച്ച കുറുക്കൻ

ഒരു ദിവസം കാട്ടിലൂടെ നടക്കുമ്പോഴാണ് ഒരാന ചത്തുകിടക്കുന്നത് കുറുക്കൻ കണ്ടത്. ഈ ആനയെ ഒറ്റയ്ക്കു തിന്നാമല്ലോ എന്നോർത്തപ്പോൾ കുറുക്കന് സന്തോഷമായി. എന്നാൽ ആനയുടെ കട്ടിയുള്ള തോൽ മുറിച്ചു മാറ്റാൻ എത്ര ശ്രമിച്ചിട്ടും കുറുക്കന് കഴിഞ്ഞില്ല. എന്താണൊരു മാർഗ്ഗം? കുറുക്കൻ ആലോചിച്ചു.

അപ്പോൾ സിംഹരാജൻ അതുവഴി വന്നു. ഇതുതന്നെ തക്കം. കുറുക്കൻ സിംഹത്തിനു മുന്നിൽ വിനയം അഭിനയിച്ചുകൊണ്ട് പറഞ്ഞു: 'മഹാരാജാവേ, ഞാൻ അങ്ങേയ്ക്കു നൽകാനായി വേട്ടയാടി വകവരുത്തിയതാണ് ഈ ആനയെ!'

'മറ്റൊരു മൃഗം വേട്ടയാടിയതിനെ നാം ഭക്ഷിക്കാറില്ലെന്നറിയില്ലേ' എന്നും പറഞ്ഞുകൊണ്ട് സിംഹം നടന്നുപോയി.



കുറുക്കൻ നിരാശനായിരിക്കുമ്പോഴാണ് ഒരു പുലി അതുവഴി വന്നത്. പുലി ഈ ആനയെ അകത്താക്കുമെന്നു കരുതി കുറുക്കൻ പറഞ്ഞു: ‘സിംഹരാജൻ വേട്ടയാടിപ്പിടിച്ചതാണീ ആനയെ. മുഖം കഴുകുന്നതിനായി പുഴയിലേക്ക് പോയിരിക്കുകയാണ്. ഈ മാംസത്തിൽ വല്ല പുലിയോ കടുവയോ തൊട്ടാൽ അവരെയും വക വരുത്തുമെന്നു പറഞ്ഞാണ് പോയത്.’ അതുകേട്ട് പുലി ഓടിപ്പോയി.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു കഴുതപ്പുലി അതുവഴി വന്നു. കഴുതപ്പുലിയോട് കുറുക്കൻ പറഞ്ഞു: ‘സിംഹരാജാവ് വേട്ടയാടിപ്പിടിച്ച ആനയാണിത്. മുഖം കഴുകുന്നതിനായി പുഴയിലേക്ക് പോയിരിക്കുകയാണ് രാജൻ. രാജാവ് തിരിച്ചെത്തും മുമ്പ് വേണമെങ്കിൽ ആനയുടെ തോൽ പൊളിച്ച് കുറച്ച് ഇറച്ചിയെടുത്തോളൂ!’

കഴുതപ്പുലിക്ക് സന്തോഷമായി. കുറുക്കനോട് നന്ദി പറഞ്ഞ് കഴുതപ്പുലി ആനയുടെ തൊലി മാന്തിക്കീറി.

ഉടനെ കുറുക്കൻ പറഞ്ഞു: ‘സുഹൃത്തേ, സിംഹരാജനതാ വരുന്നു. വേഗം രക്ഷപ്പെട്ടോളൂ.’ ഇതുകേട്ടതും കഴുതപ്പുലി ജീവനും കൊണ്ടോടി. കുറുക്കൻ സന്തോഷത്തോടെ ആനയുടെ ഇറച്ചി കഴിക്കാനിരിക്കുമ്പോഴാണ് വലിയൊരു കുറുക്കൻ അവിടെയെത്തിയത്. വലിയ കുറുക്കനെ കണ്ടതും സൂത്രക്കാരൻ കുറുക്കൻ ഓടിപ്പോയി. വലിയ കുറുക്കൻ ആനയുടെ ഇറച്ചി കഴിച്ച് വയറു നിറച്ചു.


മിസ്റ്റർ
മണ്ടപ്പൻ
ഒരു സുപ്രഭാതം
അണ്ണേ, തണുപ്പത്ത് പുതച്ചുമൂടിയുറങ്ങാതെ എണീറ്റു വാഡേയ്!
എങ്ങോട്ട്?
കേട്ടില്ലേ, സ്കൂൾ ഗ്രൗണ്ടിൽ ഒരു ഗ്രൂപ്പ് എക്സസൈസ് ആരംഭിച്ചിട്ടുണ്ടെന്ന്!
എക്സസൈസ് കഴിഞ്ഞാൽ അന്നദാനം ഉണ്ടാകുമോ?
ഈ അന്നവിചാരമൊക്കെ ഒന്ന് നിയന്ത്രിക്കണ്ണേ. ഹെൽത്ത് ഇസ് വെൽത്ത് എന്നു കേട്ടിട്ടില്ലേ!
അങ്ങനെയെങ്കിൽ അങ്ങനെ. സ്കൂൾഗ്രൗണ്ടിലേക്ക് വിട്ടോളൂ...


ബൈക്ക് എടുക്കേണ്ടേ?
ഒരു കിലോമീറ്ററല്ലേയുള്ളൂ, നടന്നുപോകാം അണ്ണേ.
'നടത്തം ഉത്തമ വ്യായാമം' എന്ന് പണ്ടാരോ പറഞ്ഞിട്ടുണ്ടെന്ന് കേട്ടിട്ടുണ്ട്.
ദാ, ഈ മതിലിനപ്പുറമെത്തണം.
പിറകിലൂടെ ഒരു വഴിയുണ്ടെന്നു തോന്നുന്നു. അതുവഴി കയറാം.
പക്ഷേ, ഗേറ്റുകളെല്ലാം പൂട്ടിയിരിക്കുന്നല്ലോ.


ഹതു നോക്ക
ണ്ണേ കുട്ടികളും
പ്രായമായവരും
എല്ലാമുണ്ട്.
അതു
കൊള്ളാമല്ലോ.
എല്ലാവരും വ
രൂ, വ്യായാമ
ത്തിലൂടെ ആ
രോഗ്യം നേടൂ.
കൈകാലുകൾക്ക്
വല്ലാത്ത വേദന
തോന്നുന്നു.
അതു സാരമില്ല.
ആദ്യദിവസമായതു
കൊണ്ട് തോന്നുന്ന
താ.
ഇത് കൂടുതൽ ദിവ
സം നീളുമെന്ന് തോ
ന്നുന്നില്ല.



തത്സമയം ഗ്രൗണ്ടിന്റെ മറ്റൊരു ഭാഗത്ത്,
ശ് ശ്! കണ്ടില്ലേ, അപ്പന്മാർ ഹെൽത്ത് ക്ലബ്ബിൽ ചേർന്നിട്ടുണ്ട്.
ശരിയാ, ശ്രദ്ധിച്ചില്ലെങ്കിൽ പണി കിട്ടും.
ലഹരി ജാമ്യമില്ലാത്ത വകുപ്പാണ്.
ഇത്, വല്ല കുറ്റിക്കാട്ടിലും ഒളിപ്പിച്ച് സ്ഥലം വിട്ടാലോ?
അതാണ് നല്ലതെന്ന് എനിക്കും തോന്നി!
കുറ്റിക്കാട്ടിൽ ഒളിപ്പിക്കാൻ ചെന്നതും,
ഹയ്യോ, പാമ്പ്! ഓടി വരണേ!
ങേ, പാമ്പോ? എവിടെ?


വടിയെടുക്ക്!
ങേ, ചതിച്ചോ?
എവിടെ പാമ്പ്?
അത് അത്... ആ കാട്ടിലേക്കാണ് പോയത്!
അപ്പന്മാരുടെ സമയോചിത ഇടപെടൽ
ങേ, എന്താണിതിൽ?
അത്... അത്...



ഉഗ്രൻ ലഹരി മരു
ന്നുകളാണല്ലോ!
ദാ, ഇവന്മാരെ
വിടരുത്!
ഏമാന്മാരേ, ഉടനെ
സ്കൂൾഗ്രൗണ്ടിൽ
എത്തിക്കോളൂ.
ഏമാന്മാർ സ്ഥലത്ത്,
ഹ ഹ! നേരം പുലരു
മ്പോഴേക്കും ലഹരി
ക്കച്ചവടവുമായി ഇറ
ങ്ങിയിരിക്കുന്നു.
കമോൺ, നമുക്ക്
വ്യായാമം തുടരാം.
അപ്പന്മാർ വന്ന
പ്പോൾ വ്യായാമം
വേറെ ലെവൽ!
അതെയതെ!



മനാസ്വിർ പട്‌ല

# ശഅ്ബാൻ മാസവും ബറാഅത്ത് രാവും

**ഹി**ജ്റ കലണ്ടറിലെ എട്ടാം മാസമാണ് ശഅ്ബാൻ. വിശുദ്ധ റമളാനെ സ്വീകരിക്കാൻ വിശ്വാസികൾ ഒരുങ്ങുന്ന മാസം. റജബ് അല്ലാഹുവിന്റെ മാസമാണെന്നും ശഅ്ബാൻ എന്റെ മാസമാണെന്നും റമളാൻ ഉമ്മത്തിന്റെ മാസമെന്നും തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

ഉസാമതുബ്നുസൈദ്(റ) പറഞ്ഞു: ഞാൻ നബി(സ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ശഅ്ബാൻ മാസത്തിൽ നോമ്പെടുക്കുന്നത്ര മറ്റൊരു മാസവും അങ്ങ് നോമ്പനുഷ്ഠിക്കുന്നത് ഞാൻ കണ്ടിട്ടില്ലല്ലോ?' നബി(സ) പറഞ്ഞു: 'റമളാനിനും റജബിനുമിടയിൽ ജനങ്ങൾ ശ്രദ്ധിക്കാതെ പോകുന്ന മാസമാണ് ശഅ്ബാൻ. മനുഷ്യരുടെ അമലുകൾ ഉയർത്തപ്പെടുന്ന മാസമാണിത്. എന്റെ കർമങ്ങൾ ഉയർത്തപ്പെടുമ്പോൾ നോമ്പുകാരനായിരിക്കാൻ ഞാനിഷ്ടപ്പെടുന്നു.' (സുനനുന്നസാഈ)

ആഇശ ബീവി(റ) പറഞ്ഞു: 'ശഅ്ബാൻ മാസത്തിൽ തിരുനബി(സ) മറ്റു മാസങ്ങളെക്കാൾ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു. ശഅബാൻ മാസം മുഴുവനായും അവിടുന്ന് വ്രതമനുഷ്ഠിച്ചിരുന്നു. (ബുഖാരി-1970)

ബറാഅത്ത് രാവാണ് ശഅ്ബാനിന്റെ മറ്റൊരു പ്രത്യേകത. ശഅ്ബാനിലെ പതിനഞ്ചാം രാവാണ് ബറാഅത്ത് രാവ്. 'ബറാഅത്ത്' എന്ന പദത്തിനർത്ഥം 'മോചനം' എന്നാണ്. ധാരാളം നരകവാസികളെ ഈ രാവിൽ അല്ലാഹു മോചിപ്പിക്കുമെന്നതാണ് മോചനത്തിന്റെ രാവ് എന്നറിയപ്പെടാനുള്ള കാരണം.

ആഇശ(റ) പറഞ്ഞു: നബി(സ) ശഅബാൻ പതിനഞ്ചിന്റെ രാവിൽ എന്നോട് പറഞ്ഞു: 'ഈ രാത്രിയിൽ ബനൂകൽബ് സമുദായത്തിലെ ആടുകളുടെ രോമത്തിന്റെ എണ്ണമനുസരിച്ച് എന്റെ സമുദായത്തിലെ പാപികളെ നരകത്തിൽ നിന്ന് മോചിപ്പിക്കും.' (മിശ്കാത്)

വിശുദ്ധഖുർആനിലെ സൂറതുദ്ദുഖാനിൽ പരാമർശിക്കുന്ന ലൈലത്തുൽ മുബാറക (അനുഗൃഹീത രാവ്) ബറാഅത്ത്‌രാവാണെന്ന് നിരവധി ഖുർആൻ വ്യാഖ്യാതാക്കൾ വിശദീകരിച്ചിട്ടുണ്ട്. തിരുദൂതർ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുമെന്നു പറഞ്ഞ അഞ്ചു രാവുകളിലൊന്നുകൂടിയാണിത്.

ഈ രാവിൽ സൂറതുയാസീൻ മുന്നു തവണ പാരായണം ചെയ്തു ദുആ ചെയ്യുന്നത് മുൻഗാമികളുടെ പതിവാണ്. ആയുരാരോഗ്യത്തിനും ഐശ്വര്യത്തിനും ഈമാനോടെയുള്ള മരണത്തിനുമാണിവ. ശഅ്ബാനിൽ ധാരാളം ഖുർആൻ പാരായണം ചെയ്യാനും സ്വലാത്തുകൾ വർദ്ധിപ്പിക്കാനും നാം ശ്രമിക്കണം.

## മൻമോഹൻ സിങ് വിടവാങ്ങി



**മു**ൻപ്രധാനമന്ത്രി മൻമോഹൻസിങ്(92) അന്തരിച്ചു. 33 വർഷം രാജ്യസഭാംഗമായിരുന്ന അദ്ദേഹം മികച്ച സാമ്പത്തികശാസ്ത്രജ്ഞനാണ്. 1982-85 കാലത്ത് റിസർവ്ബാങ്ക് ഗവർണറായും 1985ൽ രാജ്യാന്തരനാണയനിധിയുടെ ഇന്ത്യയിലെ ഡയറക്ടറായും 1985-87 കാലത്ത് ആസൂത്രണകമ്മിഷൻ ഉപാധ്യക്ഷനായും സേവനമനുഷ്ഠിച്ചു. 1987-ൽ രാജ്യം പദ്മവിഭൂഷൺ നൽകി അദ്ദേഹത്തെ ആദരിച്ചു. 1932 സെപ്റ്റംബർ 26നാണ് മൻമോഹൻസിങ് ജനിച്ചത്. 2024 ഡിസംബർ 26നായിരുന്നു വിയോഗം.

ജാബിർ മലയിൽ

# വേഷം മാറിയ രാജാവ്

**സൈ**ദ് എന്ന രാജാവ് അറേബ്യ ഭരിച്ചിരുന്ന കാലം. ഒരിക്കൽ രാജാവിന് ഒരാഗ്രഹമുണ്ടായി, രാജ്യത്തെ ജനങ്ങൾ തന്നെക്കുറിച്ച് എന്താണ് ചിന്തിക്കുന്നതെന്നറിയണം. അതിന്നായി അദ്ദേഹം ഒരു ആട്ടിടയന്റെ വേഷം ധരിച്ച് നാടു ചുറ്റാനിറങ്ങി. വഴിയിൽ കണ്ട ചിലരോടൊക്കെ അദ്ദേഹം രാജാവിനെക്കുറിച്ച് അഭിപ്രായമാരാഞ്ഞു. ആരും രാജാവിനെ കുറ്റം പറഞ്ഞില്ല!

രാത്രി കൊട്ടാരത്തിലേക്ക് മടങ്ങുമ്പോൾ രാജാവ് നിരാശനായിരുന്നു. ഒരു കുറവുമില്ലാത്ത മനുഷ്യരുണ്ടാകുമോ? അദ്ദേഹം അത്ഭുതത്തോടെ ചിന്തിച്ചു. സത്യം പറഞ്ഞാൽ രാജാവ് ശിക്ഷിക്കുമെന്നു ഭയന്നിട്ടായിരിക്കും അവർ തന്നെ കുറ്റപ്പെടുത്താത്തതെന്ന് അദ്ദേഹം സംശയിച്ചു.

അന്വേഷണം അയൽരാജ്യത്തേക്കു വ്യാപിപ്പിക്കാൻ രാജാവ് തീരുമാനിച്ചു. ആട്ടിടയന്റെ വേഷത്തിൽ അദ്ദേഹം അവിടെയുമെത്തി. അവിടെ കണ്ട ഒരിടയനോടു ചോദിച്ചു,

''സുഹൃത്തേ, താങ്കളുടെ അയൽരാജ്യം ഭരിക്കുന്ന സൈദ് നല്ല മനുഷ്യനാണോ?''

ആട്ടിടയന്റെ മുഖം ചുവന്നു.

''വമ്പിച്ച തുക നികുതി പിരിക്കുകയും പാവങ്ങളെ ദ്രോഹിക്കുകയും ഞങ്ങളുടെ രാജാവിനോട് എപ്പോഴും ശത്രുത പുലർത്തുകയും ചെയ്യുന്ന

**അറിയാമോ?**

അണ്ണാറക്കണ്ണന് നിറങ്ങൾ തിരിച്ചറിയാനുള്ള കഴിവില്ല. ബ്ലാക്ക് & വൈറ്റ് ആയാണ് അവ വസ്തുക്കളെ കാണുക.

അയാളൊരു ഭരണാധികാരി യാണോ?''

ആ വാക്കുകൾ കേട്ട് സൈദ് തരിച്ചുനിന്നു.

രാജാവിനെ ഭയന്നുജീവിക്കുന്ന പ്രജകൾ ഒരിക്കലും പരസ്യമായി അവരെ കുറ്റംപറയില്ലെന്നും നിർഭയരായിരിക്കുമ്പോൾ മാത്രമേ അവർ സത്യം പറയുകയുള്ളൂ എന്നും അദ്ദേഹം മനസ്സിലാക്കി.

പിന്നീട് സൈദ് പ്രജാസേവകനായ ഭരണാധികാരിയായി മാറി.



നോവൽ – 17

മുജ്തബ നസ്വീഹ്

# വേണ്ടായിരുന്നു ഈ സമ്മാനം



**മാ**മിയുടെ ആക്രോശം കേട്ട് സ്തംഭിച്ചു നിന്നുപോയി അബൂട്ടി. തലകുനിച്ചങ്ങനെ നിൽക്കുമ്പോൾ വീണ്ടും അവരുടെ ഒച്ച മുഴങ്ങി: 'എന്താടാ, നാവെറങ്ങിപ്പോയോ? എവിടുന്നാണിതൊക്കെ കട്ടോണ്ടുവന്നതെന്ന് പറയെടാ.'

അപ്പോഴേക്കും കൈയുയർത്തിക്കൊണ്ടവർ അടുത്തെത്തിക്കഴിഞ്ഞിരുന്നു, അടിക്കാൻ.

അബൂട്ടി മുറിയുടെ മൂലയിലേക്കൊഴിഞ്ഞു മാറി വിറച്ചുകൊണ്ടു പറഞ്ഞു: 'മാമീ,

## അബൂട്ടി

കട്ടതല്ല, സമ്മാനമാണ്.'

'സമ്മാനമോ, നിനക്കാര് സമ്മാനം തരാനാണെടാ? കളവും പറയുന്നോ?'

ഒച്ച കേട്ട് മാമിയുടെ മക്കളും വാതിൽക്കലെത്തിയിരിക്കുന്നു. അബൂട്ടി ധരിച്ച ഷർട്ടിലേക്കും പാന്റ്സിലേക്കുമാണ്

അവരുടെ നോട്ടം; പിന്നെ കട്ടിലിൽ നിവർത്താതെ വച്ചിരിക്കുന്നതിലേക്കും.

'മുന്തിയ ഷർട്ടും പാന്റ്സുമാണുമ്മാ.' കട്ടിലിൽ വെച്ച ഷർട്ടും പാന്റ്സും എടുത്തുനോക്കി മൂത്ത മോൻ പറഞ്ഞു.

'ന്റെ റബ്ബേ, ഇനി എന്തെല്ലാം ഗുലുമാലാണ് ഈ ചെക്കൻ കാരണം സഹിക്കേണ്ടി വരാ!' മാമി തലയിൽ കൈവച്ചുകൊണ്ട് മുന്നോട്ടാഞ്ഞു. അബൂട്ടി ധരിച്ച പുതിയ ഷർട്ടിന്റെ കോളറിൽ പിടിച്ചു വലിച്ചു തല്ലാനോങ്ങുമ്പോഴാണ് രണ്ടാമത്തെ മകൻ സമ്മാനപ്പെട്ടിയുടെ പുറത്തുള്ള വർണ്ണക്കടലാസിൽ എഴുതിയൊട്ടിച്ചത് ഉറക്കെ വായിച്ചത്: 'സ്നേഹ വാത്സല്യങ്ങളോടെ... ഞങ്ങളുടെ പ്രിയപ്പെട്ട അബൂട്ടിക്ക്.....!'

അതുകേട്ടപ്പോൾ മാമിയുടെ കൈ താണു. കോളറിലെ പിടിവിട്ടു.

'ആരാ കൊടുത്തതെന്ന് എഴുതിയിട്ടുണ്ടോ?' അവരുടെ ശബ്ദം അല്പം താഴ്ന്നിരുന്നു.

'ങാ, ഉസ്താദുമാർ എന്നെഴുതിയിട്ടുണ്ട്.'

'ഉസ്താദുമാരെന്തിനാ ഇവന് സമ്മാനം കൊടുക്കുന്നത്? ഇതൊക്കെ നേരാണോന്ന് ആർക്കറിയാം?'

മാമി പിന്നെയും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴാണ് പുറത്തുനിന്ന് കാൽപ്പെരുമാറ്റം കേട്ടത്. മാമനാണ്. ഇങ്ങോട്ട് നോക്കി വിളിച്ചു ചോദിക്കുന്നു:

'എന്താ അവിടെ എല്ലാരും കൂടി?'

'നിങ്ങളിങ്ങോട്ടൊന്ന് വന്നുനോക്കിയേ, ഈ ചെക്കൻ കൊണ്ടുവന്നത്!'

'എന്താ?'



'ദാ, രണ്ട് പാന്റ്സും രണ്ട് ഷർട്ടും... മുന്തിയത് തന്നെ. സമ്മാനം കിട്ടിയതാണെന്നാ പറയണത്.'

'ആരാടാ നിനക്ക് സമ്മാനം തന്നത്?' ദേഷ്യത്തോടെയുള്ള മാമന്റെ ചോദ്യത്തിനു വിറച്ചു കൊണ്ടാണ് അബൂട്ടി മറുപടി പറഞ്ഞത്: 'ഉസ്താദുമാര്!'

'ഉസ്താദുമാരോ? അവർക്കെന്താ നിന്റെ കാര്യത്തില്? ങ്ഹും! ഓരോ ശല്യങ്ങള്... മനുഷ്യനെ നാണക്കേടിലാക്കാൻ!'

മാമൻ എന്തൊക്കെയോ പിറുപിറുത്ത് നിലത്തമർത്തിച്ചവിട്ടിക്കൊണ്ട് നടന്നുപോയി. പിന്നാലെ മാമിയും മക്കളും.

അബൂട്ടി പുതിയ പാന്റ്സും ഷർട്ടും അഴിച്ചുമാറ്റി പഴയതുടുത്ത് കട്ടിലിൽ കയറിക്കിടന്നു; കണ്ണീരോടെ.

വേണ്ടായിരുന്നു, ഇങ്ങനെയൊരു സമ്മാനം കിട്ടേണ്ടായിരുന്നു. ഇനി എന്തൊക്കെയാണാവോ ഇതിന്റെ പേരിൽ സഹിക്കേണ്ടിവരാ?

അവൻ ഓരോന്നോർത്തോത്ത് കരഞ്ഞു. കരഞ്ഞു കരഞ്ഞുകൊണ്ട് ഉറങ്ങിപ്പോയി. അന്ന് അത്താഴപ്പട്ടിണി തന്നെ. മാമി ദേഷ്യപ്പെട്ടാണെങ്കിലും ഒന്നു വിളിച്ചതു പോലുമില്ല; ഭക്ഷണം കഴിക്കാൻ!

തളർന്നുറങ്ങുന്നതിനിടയിലാണ് ഉപ്പ വന്നത്; ചിരിച്ചുകൊണ്ട്.

'അബൂട്ടിക്ക് പുതിയ ഷർട്ടും പാന്റ്സുമൊക്കെ കിട്ടിയില്ലേ?' ഉപ്പ ചോദിക്കുന്നു. പക്ഷേ, അബൂട്ടിക്ക് ചിരിക്കാനും എഴുന്നേൽക്കാനുമൊന്നും കഴിയുന്നില്ലല്ലോ. ചിരിക്കാൻ ശ്രമിക്കുമ്പോൾ കരച്ചിലാണ് വരുന്നത്. എഴുന്നേൽക്കാൻ ശ്രമിക്കുമ്പോൾ തളർന്നുവീണുപോകുന്നു. ഉപ്പ വന്നൊന്നു കൈപിടിച്ചെങ്കിൽ! ഇത്തിരി വെള്ളം കുടിക്കാൻ തന്നെങ്കിൽ! അവൻ ആശിച്ചുപോയി. നോക്കി നോക്കി നിൽക്കെ ഉപ്പയെ കാണാതായല്ലോ!

അവൻ ഞെട്ടിയുണർന്നു. ചുറ്റും കൂരിരുട്ടാണ്. വിളക്കുകളെല്ലാം അണച്ചു കഴിഞ്ഞിരിക്കുന്നു. മാമന്റെ കൂർക്കം വലി കേൾക്കുന്നുണ്ട്. എല്ലാവരും നല്ല ഉറക്കത്തിലാണ്.

അബൂട്ടിക്ക് പിന്നെ ഉറക്കം വന്നതേയില്ല. വയറെരിഞ്ഞു കാളുന്നുണ്ട്. ഇന്നു കാര്യമായൊന്നും തിന്നിട്ടില്ലല്ലോ. രാവിലെ എടുത്തുകൊ

ണ്ടു പോയ ഒരു ദോശയാണ് ഉച്ചക്ക് കഴിച്ചത്. പിന്നെ നാലു നെല്ലിക്കയും കുറെ പച്ചവെള്ളവും. വിശക്കാതിരിക്കുന്നതെങ്ങനെ!

മെല്ലെ എഴുന്നേറ്റ് അടുക്കളയിൽ പോയാലോ? എന്തെങ്കിലും ഭക്ഷണമുണ്ടാവാതിരിക്കില്ല. പക്ഷേ, പേടി. ആരെ പേടി? അതൊന്നുമറിയില്ല. നല്ല ഇരുട്ടായാൽ പിന്നെ പേടിയാണ്. അബൂട്ടി പുതപ്പിനുള്ളിലേക്കു വലിഞ്ഞ് കണ്ണടച്ചുപൂട്ടിക്കിടന്നു. അപ്പോഴാണ് ഉമ്മയെയും അനിയത്തിയെയും കുറിച്ചുള്ള വിചാരങ്ങളുണ്ടായത്.

ഉമ്മയിപ്പോൾ എന്തു ചെയ്യുകയായിരിക്കും? അനിയത്തിയെ ഉറക്കുകയായിരിക്കുമോ? അതോ കിടന്നു കൂർക്കം വലിച്ചുറങ്ങുകയോ? ഉമ്മ ഈ അബൂട്ടിയെ ഓർക്കുന്നുണ്ടാകുമോ? ഉമ്മക്കിപ്പോൾ ഈ അബൂട്ടിമോനോട് അത്ര ഇഷ്ടമൊന്നുമുണ്ടാവില്ല. അതുകൊണ്ടല്ലേ അബൂട്ടിയെ ഇവിടെ വിട്ടേച്ചു പോയത്? ഇപ്പോ ഓമനിക്കാൻ ഒരു കുഞ്ഞുമോളെയും കിട്ടിയിട്ടുണ്ടല്ലോ. പിന്നെ തീരെ ഇഷ്ടണ്ടാവൂല, ഈ അബൂട്ടിയോട്!

അബൂട്ടി തേങ്ങിക്കരഞ്ഞു. പക്ഷേ, ആരു കേൾക്കാൻ? ഉമ്മയിവിടെയില്ലല്ലോ!

ഉറക്കം വന്നതെപ്പോഴെന്നറിയില്ല. ജനലഴികൾക്കുള്ളിലൂടെ സൂര്യവെളിച്ചം വന്നു തൊട്ടു വിളിച്ചപ്പോഴാണുണർന്നത്.



## എം.ടി സ്മൃതിപഥത്തിൽ



മലയാളത്തിലെ പ്രശസ്ത സാഹിത്യകാരൻ എം.ടി വാസുദേവൻനായർ(91) അന്തരിച്ചു. മാടത്ത് തെക്കേപ്പാട്ട് വാസുദേവൻനായർ എന്നാണ് മുഴുവൻ പേര്. പാലക്കാട് ജില്ലയിലെ കൂടല്ലൂരിൽ 1933 ജൂലായ് 15ന് ജനിച്ചു. പാലക്കാട് വിക്ടോറിയ കോളേജിൽ ബിരുദവിദ്യാർഥിയായിരിക്കെയാണ് ആദ്യ കഥാസമാഹാരം 'രക്തം പുരണ്ട മണൽത്തരികൾ' പ്രസിദ്ധീകരിച്ചത്. 'കാലം' എന്ന നോവലിന് 1970 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും രണ്ടാമൂഴത്തിന് 1984 ലെ വയലാർ അവാർഡും ലഭിച്ചു. 1995 ൽ ജ്ഞാനപീഠം നേടിയ എം.ടിയെ 2005 ൽ പദ്മഭൂഷൺ നൽകി രാജ്യം ആദരിച്ചു. 2024 ഡിസംബർ 25 നായിരുന്നു വിയോഗം.

എണീറ്റ് ചുറ്റും നോക്കി. പുതിയ പാന്റ്സും ഷർട്ടുമാണ് ആദ്യം കണ്ണിൽപ്പെട്ടത്. അപ്പോഴൊരു സന്തോഷം മനസ്സിലേക്ക് കടന്നുവന്നു. ഇന്നലെ അഴിച്ചിട്ട പടി കിടക്കുകയാണ്. വേഗം അതെടുത്ത് മടക്കിവെച്ചു.

പുറത്തുകടന്നപ്പോൾ കണ്ടത് മാമന്റെ മക്കൾ സ്കൂളിലേക്കു പോകാൻ ഒരുങ്ങി നിൽക്കുന്നതാണ്; പടിവാതിൽക്കൽ സ്കൂൾ ബസ് വരുന്നതും കാത്ത്.

എഴുന്നേൽക്കാൻ എത്രയോ വൈകിപ്പോയിരിക്കുന്നു. സുബഹ് ഖളാ ആയിപ്പോയിരിക്കുന്നു. ഇങ്ങനെ ഒരിക്കലും സംഭവിക്കാറുണ്ടായിരുന്നില്ലല്ലോ. ഉണരാൻ വൈകിയാൽ വാതിലിനു തട്ടിയെങ്കിലും മാമി വിളിക്കാറുണ്ടായിരുന്നു. ഇന്ന് വിളിക്കുകയും ചെയ്തില്ലല്ലോ. അതോ വിളിച്ചിട്ടും ഉണരാതിരുന്നതോ?

ആടുകൾ കൂട്ടിന്നുള്ളിൽ നിന്ന് മുറവിളി കൂട്ടുന്നുണ്ട്. തട്ടിയും മുട്ടിയും ശബ്ദമുണ്ടാക്കുന്നുണ്ട്. അതൊന്നും ശ്രദ്ധിക്കാതെ അബൂട്ടി വേഗം പല്ലുതേച്ച് വുളൂ ഉണ്ടാക്കി നിസ്കരിക്കാനോടി. ഉണരാൻ വൈകിപ്പോയാൽ ഉണർന്നയുടനെ നിസ്കരിക്കണമെന്നാണല്ലോ ഉസ്താദ് പറഞ്ഞു തന്നത്.

(തുടരും)



# രാമുവിന്റെ കഴുത

**പ**ണ്ടുപണ്ട് ഗ്രാമത്തിൽ രാമു എന്നു പേരുള്ള ഒരു കർഷകൻ ജീവിച്ചിരുന്നു. വിളവെടുക്കുന്ന പച്ചക്കറികൾ ചന്തയിൽ കൊണ്ടുപോയി വിൽക്കാൻ സഹായിക്കുന്ന ഒരു കഴുതയും അയാൾക്കുണ്ടായിരുന്നു. അധ്വാനശീലനായ ആ കഴുതയെ രാമുവിന് ഏറെ ഇഷ്ടമായിരുന്നു.

ഒരു ദിവസം ചന്തയിൽ നിന്നു വന്ന് കഴുതക്ക് യഥേഷ്ടം ഭക്ഷണം കൊടുത്ത് രാമു ഉറങ്ങാൻ കിടന്നു. അപ്പോഴാണ് ഒരു കള്ളൻ വീടിനകത്തേക്ക് കയറിപ്പോകുന്നത് കഴുതയുടെ ശ്രദ്ധയിൽപ്പെട്ടത്. കഴുത ഉറക്കെ കരയാൻ തുടങ്ങി. രാമുവിന് ദേഷ്യം വന്നു. 'മനുഷ്യനെ ഒന്നുറങ്ങാനും സമ്മതിക്കില്ല' എന്നു പറഞ്ഞ് രാമു വീടിനു പുറത്തിറങ്ങി ഒരു മുട്ടൻവടിയെടുത്ത് കഴുതയെ തല്ലാൻ തുടങ്ങി. തക്കം നോക്കി വീടിനകത്തെ വിലപിടിപ്പുള്ള സാധനങ്ങളെല്ലാം ചാക്കിലാക്കി കള്ളൻ ഓടിരക്ഷപ്പെട്ടു. രാമു ഇതൊന്നും അറിഞ്ഞതേയില്ല. കുറച്ചുകഴിഞ്ഞ് അകത്തു കയറിയ രാമു അന്തംവിട്ടു നിന്നുപോയി. വീടിനകത്തെ സാധനങ്ങളെല്ലാം അലങ്കോലമായിക്കിടക്കുന്നു. വിലപിടിപ്പുള്ള വസ്തുക്കളെല്ലാം കള്ളൻ കൊണ്ടുപോയിരിക്കുന്നു.

കള്ളൻ വീട്ടിൽ കയറുന്നതു കണ്ടാണ് കഴുത കരഞ്ഞതെന്ന് മനസ്സിലായപ്പോൾ രാമുവിന് ഖേദമായി. പാവം കഴുതയെ വെറുതെ നോവിച്ചുവല്ലോ.

*ആമിന, ദാറുൽഫത്ഹ്*
*മദ്റസ, ഇടുക്കി, തൊടുപുഴ*



# കൂട്ടുകൂടാം

**ജോ**റോ അണ്ണാനും ലോജോ അണ്ണാനും നല്ല കൂട്ടുകാരായിരുന്നു. അവരുടെ കുസൃതികൾ പാച്ചുപ്പൂച്ച സന്തോഷത്തോടെ നോക്കിയിരിക്കും. ഒരു ദിവസം ലോജോ ജോറോയുടെ ഫോട്ടോ എടുക്കുകയായിരുന്നു. അപ്പോൾ ലോജോയുടെ കയ്യിൽ നിന്ന് ക്യാമറ താഴെ വീണു കേടുപറ്റി. ജോറോയും ലോജോയും തമ്മിൽ വഴക്കായി. ഇരുവരും വഴക്കിടുന്നതു കണ്ട് പാച്ചുപ്പൂച്ച പാഞ്ഞെത്തി.

'എന്തിനാണ് നിങ്ങൾ വഴക്കിടുന്നത്? ആ ക്യാമറ തരൂ. ഞാൻ നന്നാക്കിത്തരാം.'

പാച്ചുപ്പൂച്ച ക്യാമറ നന്നാക്കി നൽകിയപ്പോൾ ജോറോ അണ്ണാനും ലോജോ അണ്ണാനും സന്തോഷമായി.

അവർ വഴക്കു നിർത്തി നല്ല കൂട്ടുകാരായി. പാച്ചുപ്പൂച്ചയ്ക്കവർ നന്ദി പറഞ്ഞു.

***ആദം ഐബക് തരികുളം***
***ഐ. സി. എസ് ഇംഗ്ലീഷ് സ്കൂൾ***
***മഞ്ഞപ്പറ്റ***

# ഗുരുമുഖങ്ങൾ

**ആ**ദ്യാക്ഷരം നുകർന്നു
ഞാനെൻ ഗുരുവിൽ നിന്ന്.
അക്ഷരനാമ്പുകളേകി
വിദ്യാതീരത്തേക്കെന്നെ
കൈ പിടിച്ചതും
കടലാസുതുണ്ടിൽ
അക്ഷരങ്ങൾ ചേർത്തുവെക്കാൻ
പഠിപ്പിച്ചതും ഗുരു.
എനിക്കായ് പുതുലോകം
തുറന്ന ഗുരുവിനെ
മറക്കാതെ മായാതെ
ഓർക്കുമെന്നും.

***ഫാത്തിമ സന എം ക്ലാസ് 7***
***ഇസ്സത്ത് എജ്യു സ്ക്വയർ മൂന്നിയൂർ***

# കത്തുകൾ

*പ്രിയപ്പെട്ട*
*ബാലകുസുമത്തിന്,*

ഞാൻ എല്ലാ മാസവും നിന്നെ വായിക്കാറുണ്ട്. നിന്റെ കഥകളെല്ലാം എനിക്ക് വളരെ ഇഷ്ടമാണ്. സഫറിന്റെ കഥയിലെ നല്ല ശീലങ്ങൾ ഞാൻ ജീവിതത്തിൽ പകർത്താറുണ്ട്. ഹോജയുടെ ഫലിതങ്ങൾ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യും. നവംബർ ലക്കത്തിലെ ചാച്ചാജിയും റോസാപ്പൂവും എന്ന കഥ എനിക്ക് നല്ല ഇഷ്ടമായി. അബൂട്ടിയുടെ വിശേഷങ്ങളറിയാൻ ഞാൻ കാത്തിരിപ്പാണ് നിന്നെ.

***ഫാത്തിമ ലുബാബ, ക്ലാസ്സ് 6***
***അബൂദർറുൽ ഗിഫാരി സുന്നി മദ്റസ പുറമത്ര***

*പ്രിയപ്പെട്ട*
*ബാലകുസുമത്തിന്,*

നീ ഓരോ തവണ വരുമ്പോഴും വീട്ടിൽ ഒരു അതിഥി വരുന്ന പ്രതീതിയാണ്. കറന്റ്അഫയേഴ്സും ജാലിയൻവാലാബാഗ് ചിത്രകഥയും സ്കൂൾ പഠനത്തിന് വളരെയധികം ഉപകാരപ്രദമാണ്. സഫറിന്റെ നല്ലവാക്കുകളും മഹാന്മാരുടെ ജീവചരിത്രവും ധാർമ്മിക പുരോഗതിക്ക് സഹായകമാണ്. തമാശകളും തന്ത്രങ്ങളും നിറഞ്ഞ ഹോജയുടെയും മിസ്റ്റർ മണ്ടപ്പന്റെയും കഥകൾ വായിക്കാൻ കൊതിയാകുന്നു. പുതുമ നിറഞ്ഞ വിഭവങ്ങൾ ഇനിയും സമ്മാനിക്കുമെന്ന പ്രതീക്ഷയോടെ,

***മുഹമ്മദ് അഷ്ഫീദ് ദേലംപാടി***
***മുഹിമ്മാത്തുദ്ദീൻ മദ്റസ പുത്തിഗെ, കാസറഗോഡ്***

*പ്രിയപ്പെട്ട*
*ബാലകുസുമത്തിന്,*

നിന്റെ ഓരോ മാസത്തെ വരവും എന്നെ വല്ലാതെ സന്തോഷിപ്പിക്കുന്നു. ചിത്രകഥകളും അറിവുകളും ശാസ്ത്രകൗതുകങ്ങളും കളിക്കളവും ഹോജയുടെ ഫലിതങ്ങളും അബൂട്ടിയുടെ സങ്കടങ്ങളും കുഞ്ഞുമോന്റെയും മാഷിന്റെയും ഉപദേശങ്ങളും മണ്ടപ്പന്റെ കുറ്റാന്വേഷണങ്ങളും സഫറിന്റെ ഉപദേശങ്ങളും എല്ലാം ഒന്നിനൊന്ന് മികച്ചത്. ബാലകുസുമത്തിന്റെ അണിയറ ശില്പികൾക്ക് ഭാവുകങ്ങൾ.

***മുഹമ്മദ് സി.കെ***
***ളിയാഉൽ ഇസ്‌ലാം മദ്റസ സ്വലാത്ത്നഗർ***



എം.ടിയും കോഴിക്കോടും
1933 ജൂലൈ 15 ന് പാലക്കാട് ജില്ലയിലെ കൂടല്ലൂർ ഗ്രാമത്തിൽ വാസുദേവൻ നായർ ജനിച്ചു. അച്ഛൻ നാരായണൻ സിലോണിൽ ഉദ്യോഗസ്ഥനായിരുന്നു. അമ്മാളു അമ്മയാണ് മാതാവ്.
അച്ഛാ, നമുക്ക് ഒരിക്കൽ കൂടി കോഴിക്കോട് പോയാലോ?
പ്രത്യേകിച്ച് വല്ലതും?
പ്രത്യേകിച്ച് ഒന്നുമില്ല. ഏട്ടനെ കാണാൻ, മിഠായിത്തെരുവിൽ പോകാൻ.
ശരി, അടുത്തയാഴ്ചയാകട്ടെ.
ശരി, അച്ഛാ.
എം. ടിയുടെ ജേഷ്ഠൻ ബാലേട്ടൻ കോഴിക്കോടു നിന്ന് പ്രസിദ്ധീകരിക്കുന്ന ഒരു ദിനപത്രത്തിന്റെ എഡിറ്ററായിരുന്നു.
മനോഹരമായ കാഴ്ചകൾ, അല്ലേ അച്ഛാ?
അതെ! നാം കോഴിക്കോട് എത്താറായി.


ഏട്ടാ!
അച്ഛാ, വാസൂ... എന്തെല്ലാമുണ്ട് വിശേഷങ്ങൾ?
സുഖം തന്നെ!
ബാലേട്ടൻ എം. ടിയെയും അച്ഛനെയും സുഹൃത്തായ തിക്കോടിയന് പരിചയപ്പെടുത്തി.
ഇതാണ് എന്റെ അനിയൻ വാസു. കോഴിക്കോടിനെ വലിയ ഇഷ്ടമാണിവന്.
വാസൂ, സ്കൂളിൽ എത്രേലാ പഠിക്കുന്നേ?
ഒമ്പതില്.
വരൂ, നമുക്കൊരു ചായ കുടിക്കാം.
ആര്യഭവനിൽ നിന്ന് തിക്കോടിയൻ അവർക്ക് ചായയും ജിലേബിയും വാങ്ങിക്കൊടുത്തു.
നല്ല ചായ!
ജിലേബിക്കും നല്ല രുചിയുണ്ട്.
പിന്നീട് കോഴിക്കോടിന്റെ കഥാകാരനായി മാറിയ എം. ടി 2024 ഡിസംബർ 25ന് വിടപറഞ്ഞു.



സമസ്ത ചരിത്രം - 16

# അവേലത്ത് തങ്ങൾ

'അവേലത്ത് തങ്ങൾ വാത്സല്യമുള്ള ഒരു ഉപ്പയെപ്പോലെ, ചിലപ്പോൾ നല്ലൊരു കൂട്ടുകാരനെപ്പോലെ എനിക്ക് വഴികാണിച്ചു തരുകയും എന്നെ സംരക്ഷിക്കുകയും ചെയ്ത മഹാനാണ്.' ശൈഖുനാ കാന്തപുരം ഉസ്താദ് പലപ്പോഴും അവേലത്ത് തങ്ങളെ പരിചയപ്പെടുത്തിയത് ഇങ്ങനെയാണ്. അവേലത്ത് തങ്ങൾ അങ്ങനെയായിരുന്നു. ഇൽമിനെയും ഇൽമ് നേടാനിറങ്ങിയവരെയും നേടിയവരെയും അങ്ങേയറ്റം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. തങ്ങളും നല്ലൊരു പണ്ഡിതനായിരുന്നു.

1928 സെപ്റ്റംബർ 22നാണ് (1347 റ. ആഖിർ 7) തങ്ങൾ ജനിച്ചത്. പിതാവ് മുഹമ്മദ് പൂക്കോയ തങ്ങൾ. മാതാവ് ചെറിയ ബീവി. കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു തങ്ങളുടെ ബാല്യകാലം. തങ്ങളുടെ ആറാം വയസ്സിൽ നാട്ടിലാകെ പടർന്നു പിടിച്ച പകർച്ചവ്യാധിയിൽ പിതാവും അഞ്ചു സഹോദരങ്ങളും മരണപ്പെട്ടുപോയി. പിന്നെ ജ്യേഷ്ഠന്റെ

സംരക്ഷണത്തിലാണ് തങ്ങൾ വളർന്നത്. അദ്ദേഹം ഈ കൊച്ചനിയനെ നാട്ടിലെ പ്രാഥമിക പഠനത്തിനു ശേഷം വലിയ പണ്ഡിതനായ പൂനൂർ കുഞ്ഞിബ്റാഹീം മുസ്‌ലിയാരുടെ ദർസിൽ ചേർത്തു. അവിടെനിന്നു പഠിച്ചു പണ്ഡിതനായ തങ്ങൾ പിന്നെ നാട്ടിലും പരിസരപ്രദേശങ്ങളിലും സുന്നി പ്രവർത്തനങ്ങളിൽ സജീവമാവുകയായിരുന്നു.



ഒട്ടേറെ കൂട്ടുകാരുണ്ടായിരുന്നു തങ്ങൾക്ക്. അവരെയെല്ലാം സംഘടിപ്പിച്ച് തങ്ങൾ നാട്ടിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. മദ്റസകളും ദർസുകളും വിപുലീകരിച്ചു. നാട്ടിലാകെ മൗലിദ് സദസ്സുകൾ സംഘടിപ്പിച്ചു. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളിയായി. എല്ലാ നന്മയുടെ വഴികളും തുറക്കാൻ ശ്രമിച്ചു. കുടുംബപരമായി ലഭിച്ച സമ്പത്തിൽ നല്ലൊരു ഭാഗം ഇത്തരം പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചു.

ശൈഖുനാ കാന്തപുരം ഉസ്താദ് കാന്തപുരത്ത് വിദ്യാർത്ഥിയായിരുന്നപ്പോഴും മുദരിസായിരുന്നപ്പോഴും താങ്ങും തണലുമായിരുന്നു തങ്ങൾ. സുന്നി യുവജന സംഘത്തിന്റെ പ്രവർത്തനങ്ങളിലേക്ക് ഉസ്താദിനൊപ്പമാണ് തങ്ങൾ കടന്നുവന്നത്. മർകസിന്റെ സ്ഥാപന പ്രവർത്തനങ്ങളിൽ തങ്ങൾ സജീവമായി. അതിന്റെ പ്രചാരണവുമായി നാട്ടിലും വിദേശത്തും സഞ്ചരിച്ചു. മർകസിന്റെ തുടക്കം മുതൽ അതിന്റെ വൈസ് പ്രസിഡന്റും 1987 മുതൽ പ്രസിഡന്റും അവേലത്ത് തങ്ങളാ

## വരുന്നു, എ.ഐ ജോലിക്കാർ

നിർമിതബുദ്ധി ഏജന്റുമാർ ഈ വർഷം മുതൽ തന്നെ കമ്പനികളിലെ തൊഴിൽശക്തിയുടെ ഭാഗമാകുമെന്ന് ഓപൺ എ.ഐ മേധാവി സാം ആൾട്ട്മാൻ. സ്വന്തമായി തീരുമാനമെടുക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും കഴിവുള്ള സ്വതന്ത്ര പ്രോഗ്രാമുകളോ സിസ്റ്റങ്ങളോ ആണ് എ.ഐ ഏജന്റുമാർ. 'ഈ വർഷം തന്നെ എ.ഐ ഏജന്റുമാർ കമ്പനിയുടെ തൊഴിൽശക്തിയുടെ ഭാഗമാകും. അതിലൂടെ കമ്പനികളുടെ ഔട്ട്പുട്ട് തന്നെ മാറ്റിമറിക്കും' ആൾട്ട്മാൻ ബ്ലോഗിൽ കുറിച്ചു. ഏജന്റുമാർക്കു പുറമെ കൂടുതൽ സ്മാർട്ട് എ.ഐ സിസ്റ്റങ്ങൾ ഉടൻ എത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സൂപ്പർ ഇന്റലിജൻസ് എന്നാണ് അദ്ദേഹം ഇവയെ വിശേഷിപ്പിക്കുന്നത്. 'ഏജന്റുകൾക്കപ്പുറം, സൂപ്പർ ഇന്റലിജൻസ് സംവിധാനങ്ങളിലേക്കാണ് ഞങ്ങൾ നോക്കുന്നത്. അവർക്ക് ചെയ്യാൻ കഴിയാത്തതായി എന്തുണ്ടെന്നാണ് അറിയേണ്ടത്. ശാസ്ത്ര കണ്ടുപിടിത്തങ്ങളിൽ വിപ്ലവകരമായ മാറ്റമുണ്ടാകുമെന്നുറപ്പ് അദ്ദേഹം വിശദീകരിച്ചു.

യിരുന്നു.

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിന്റെ സ്ഥാപക പ്രസിഡന്റായ തങ്ങൾ ഏറ്റവും മെച്ചപ്പെട്ട പാഠ്യപദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തനത്തിൽ വലിയ പങ്കാണ് വഹിച്ചത്. നമ്മുടെ സംഘടനകളും കാന്തപുരം ഉസ്താദും പല പ്രതിസന്ധികളിലും അകപ്പെട്ട് പ്രയാസങ്ങളനുഭവിച്ചപ്പോൾ തങ്ങളുടെ പിന്തുണയും പ്രാർത്ഥനയും സമാശ്വാസവചനങ്ങളും മോചനത്തിന്റെ വഴികൾ തുറന്നു തന്നിരുന്നതായി സുന്നി നേതാക്കൾ അനുസ്മരിക്കാറുണ്ടല്ലോ.

വിനയാന്വിതനായിരുന്നു തങ്ങൾ. കുട്ടികളോട് ഏറെ ഇഷ്ടമായിരുന്നു. എവിടെ കുട്ടികളെ കണ്ടാലും പുഞ്ചിരിയോടെ സമീപിക്കും. അവരെ തലോടും. അവരോട് വർത്തമാനങ്ങൾ ചോദിക്കും. തമാ



ശകൾ പറഞ്ഞു ചിരിപ്പിക്കും. വലിയവരോടും സൗമ്യമായേ തങ്ങൾ പെരുമാറിയിരുന്നുള്ളൂ. പാവങ്ങൾക്കു നേരെ കാരുണ്യത്തോടെ നോക്കുകയും കഴിയുന്നത്ര സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു.

പുത്തൻവാദികളോടും കള്ളത്ത്വരീഖത്തുകാരോടും കർക്കശ നിലപാടായിരുന്നു തങ്ങൾക്ക്. കാന്തപുരത്തും പരിസരത്തും ജനങ്ങളെ വഴിപിഴപ്പിച്ചു കൊണ്ടിരുന്ന കൊരൂർ ശൈഖിന്റെ ആൾക്കാരെ ചെറുത്തുതോൽപ്പിക്കുന്നതിൽ മുൻനിരയിൽ നിന്നു പ്രവർത്തിച്ചത് തങ്ങളാണ്. കാന്തപുരം മഹല്ല് ജുമുഅത്ത് പള്ളി അവർ കൈവശപ്പെടുത്തിയപ്പോൾ തൊട്ടടുത്തുതന്നെ മറ്റൊരു പള്ളി സ്ഥാപിക്കാൻ തങ്ങളുടെ പരിശ്രമത്താൽ സാധിച്ചു. ഈ പള്ളിയിലാണ് അസീസിയ്യ ദർസ് ആരംഭിച്ചത്. പിന്നീടിത് അസീസിയ്യ കോളേജായി മാറി.

പൂനൂരിൽ സുന്നികൾ സ്ഥാപിച്ച പള്ളി വഹാബികൾ കൈവശപ്പെടുത്തിയപ്പോൾ അതിനെ മോചിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ഇ.കെ ഹസൻ മുസ്‌ലിയാരോടൊപ്പം രംഗത്തിറങ്ങിയതും വലിയ സംഖ്യ സംഘടിപ്പിച്ച് പള്ളി തിരിച്ചുവാങ്ങിയതും തങ്ങളുടെ ജീവിതത്തിലെ പ്രധാന സംഭവമാണ്. പൂനൂർ ഇശാഅത്ത് സ്ഥാപനങ്ങളുടെ ഉത്ഭവവും വളർച്ചയും തങ്ങളുടെ നേതൃത്വത്തിൽ തന്നെയായിരുന്നു.

2002 ജൂലൈ 15ന് (ജ.അവ്വൽ 5) ആ മഹാമനീഷി ഈ ലോകത്തോട് വിട പറഞ്ഞു. കാന്തപുരം അവേലത്ത് സാദാത്തീങ്ങളുടെ മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഇബ്നു ഇബ്റാഹീം

# സാൽമൺ വിശേഷങ്ങൾ



ഭൂഖണ്ഡങ്ങൾ കടന്നു പലായനം ചെയ്യുന്ന സാൽമൺ മത്സ്യങ്ങളെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ? ശുദ്ധജലത്തിലും കടൽവെള്ളത്തിലും ഒരുപോലെ ജീവിക്കുന്ന അപൂർവ മത്സ്യങ്ങളിലൊന്നാണ് സാൽമൺ. സാൽമൺ മത്സ്യങ്ങളെക്കുറിച്ചുള്ള ചില കൗതുകകരമായ വസ്തുതകൾ വായിക്കാം.

- അമ്മമത്സ്യങ്ങൾ ശുദ്ധജല നദികളിലും അരുവികളിലും മുട്ടകളിടുന്നു. ശൈത്യകാലം മുഴുവൻ വെള്ളത്തിനടിയിൽ കിടക്കുന്ന മുട്ടകൾ വസന്തകാലത്താണു വിരിയുക. ഈ കുഞ്ഞുങ്ങൾക്ക് 'അലെവിൻ' (Alevin) എന്നാണു പറയുക.

- കുഞ്ഞുങ്ങളുടെ വയറിനോടു ചേർന്ന് സഞ്ചി പോലുള്ള ഒരു ഭാഗം കാണാം. ഒരുവർഷം കൊണ്ട് ഇവ വളർന്ന് കറുത്ത പുള്ളികളുള്ള മത്സ്യമായി മാറും. വെള്ളത്തിലെ ചെറുജീവികളെയും പ്രാണികളെയും കഴിച്ച് ജീവിക്കും.

- കടലിൽ ജീവിക്കാൻ അനുയോജ്യമായ ശരീരഘടന കൈവരിക്കുന്ന സാൽമൺമത്സ്യങ്ങൾ വസന്തകാലത്ത് കൂട്ടത്തോടെ പലായനം ആരംഭിക്കും. ആയിരത്തിലധികം മൈലുകൾ താണ്ടി അവ സമുദ്രത്തിലെത്തിച്ചേരും.

- മൂന്നുവർഷം മുതൽ നാലുവർഷം വരെ സമുദ്രത്തിൽ ജീവിക്കുന്ന സാൽമൺ മത്സ്യങ്ങൾ പിന്നീട് മടക്കയാത്രയാരംഭിക്കും. 12 അടി ഉയരത്തിലുള്ള പാറക്കെട്ടുകൾ വരെ ചാടിക്കടന്ന് ഇവ മുട്ടയിടാനായി ജന്മസ്ഥലത്ത് തിരിച്ചെത്തുന്നു.




- കരടികളും നീർനായകളും വലിയ മത്സ്യങ്ങളും ഈ യാത്രയിൽ സാൽമണുകൾക്ക് ഭീഷണിയാകാറുണ്ട്. സമുദ്രത്തിൽ നിന്ന് നദികളിലെത്തുന്നതോടെ ഇവ ഭക്ഷണം ഒഴിവാക്കും. ശരീരത്തിലടങ്ങിയ കൊഴുപ്പാണ് ഈ കാലയളവിൽ ഇവക്ക് ഊർജ്ജമേകുക.

- സാൽമണുകളുടെ സുരക്ഷിതമായ സഞ്ചാരത്തിനായി പലയിടങ്ങളിലും ഇന്ന് സാൽമൺ ലാഡറുകൾ സജ്ജീകരിക്കാറുണ്ട്. മുട്ടയിടുന്ന കാലയളവിൽ ആൺസാൽമണുങ്ങളുടെ നിറം ചുവപ്പും പെൺസാൽമണുകളുടെ നിറം കറുപ്പുമായി മാറുന്നു.

- ലക്ഷ്യസ്ഥാനത്തെത്തിയാൽ ഇവ നദിയുടെ അടിത്തട്ടിൽ കല്ലും മണ്ണും ഒരുമിച്ചുകൂട്ടി മുട്ടയിടാനുള്ള ഒരിടം തയ്യാറാക്കും. തുടർന്ന് ആൺമത്സ്യങ്ങളെ തങ്ങളിലേക്കാകർഷിച്ച് ഇണചേർന്ന് പെൺമത്സ്യങ്ങൾ മുട്ടയിടും. ഒറ്റത്തവണ ഇവ ഏകദേശം 7500 മുട്ടകൾ വരെ ഇടും.

- ഇളംചുവപ്പു നിറത്തിലുള്ള മുട്ടകൾ പാറകളിലും മറ്റും ഒട്ടിപ്പിടിച്ചുകിടന്ന് ഒഴുക്കിനെ പ്രതിരോധിക്കും. ഇതോടെ സാൽമൺമത്സ്യങ്ങളുടെ ജീവിതചക്രം അവസാനിക്കും. അധികം വൈകാതെ ആൺമത്സ്യങ്ങൾ മരിച്ചുപോകും. എന്നാൽ ചില പെൺമത്സ്യങ്ങൾ രണ്ടുമൂന്ന് തവണ ഇത്തരത്തിൽ പലായനം ചെയ്യും.



## വഴി കാണിക്കാമോ?

മധുരക്കിഴങ്ങു
തിന്നാൻ കഴിയാതെ
വിഷമിച്ചിരിക്കുന്ന
എലിക്കുട്ടനെ കണ്ടില്ലേ?
വഴി കാണിക്കാമോ?



## എണ്ണമെഴുതാം

കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം
വൃത്തത്തിനുള്ളിൽ എഴുതിക്കോളൂ...



## വരക്കാൻ പഠിക്കാം



## വ്യത്യാസങ്ങൾ കണ്ടെത്തൂ...

**താഴെയുള്ള ചിത്രങ്ങൾ തമ്മിൽ 5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?**



## നിറം നൽകാം കഥയെഴുതാം

**ചിത്രത്തിന് അനുയോജ്യമായ നിറം നൽകി ഭംഗിയാക്കിക്കോളൂ. ചിത്രത്തിനെ ആസ്പദമാക്കി ഒരു കഥയെഴുതി കുസുമത്തിന് അയച്ചുതരൂ. മികച്ച കഥ പ്രസിദ്ധീകരിക്കും.**



# English Corner

## Story Line

## Turtle and Swans

A turtle and two swans were best friends. They used to meet at the lake every day. One year, it rained less than usual. When the water dried up, the swans were worried. They heard about another lake on the other side of the mountain.

When they decided to go there, they invited the turtle too. The turtle was sad that he could not fly. They



## ആമയും അരയന്നങ്ങളും

ഒരു കടലാമയും രണ്ട് അരയന്നങ്ങളും ഉറ്റ സുഹൃത്തുക്കളായിരുന്നു. എല്ലാ ദിവസവും തടാകത്തിൽ വെച്ച് അവർ കണ്ടുമുട്ടാറുണ്ടായിരുന്നു. ഒരു വർഷം മഴ നന്നേ കുറഞ്ഞു. വെള്ളം വറ്റിയപ്പോൾ അരയന്നങ്ങൾ ഏറെ വിഷമിച്ചു. പർവതത്തിന്റെയപ്പുറത്തുള്ള മറ്റൊരു തടാകത്തെക്കുറിച്ച് അവർ കേട്ടു.

അവിടേക്കു പോകാൻ തീരുമാനിച്ചപ്പോൾ

discussed and then,

Turtle felt an idea. He said to the swans: 'You must bite both ends of a stick with your beaks. I can bite the middle of the stick. Then you just fly with it.' The swans were ready for it. They warned the turtle never to open his mouth while flying. They flew away in the sky. The tortoise, excited by the sight of a city below, opened its mouth to say something and fell down.



അവർ ആമയെയും ക്ഷണിച്ചു. തനിക്ക് പറക്കാൻ കഴിയില്ലെന്ന് ആമ സങ്കടപ്പെട്ടു. അപ്പോൾ അവർ കൂടിയിരുന്നു ചർച്ചയായി.

ആമക്ക് ഒരു വിദ്യ തോന്നി. അവൻ അരയന്നങ്ങളോടു പറഞ്ഞു: 'നിങ്ങൾ ഒരു വടിയുടെ രണ്ടറ്റങ്ങളിൽ കടിച്ചുപിടിക്കണം. ഞാൻ വടിയുടെ നടുവിൽ കടിച്ചുപിടിക്കാം. എന്നിട്ടു നിങ്ങൾ പറന്നാൽ മതി. അരയന്നങ്ങൾ അതിനു തയ്യാറായി. പറക്കുമ്പോൾ ഒരിക്കലും വായ തുറക്കരുതെന്ന് അവർ ആമക്ക് മുന്നറിയിപ്പു നൽകി. അങ്ങനെ അവർ പറന്നുയർന്നു. കാഴ്ചകൾ കണ്ട് ആവേശത്തിലായ ആമ ഇടയ്ക്ക് എന്തോ പറയാൻവേണ്ടി വായ തുറന്നതും താഴേക്കു വീണു.

# Tenses

In English, the word 'tense' is used to denote a characteristic of the verb in a sentence. The tense of a verb is used to depict the particular time in which a specific event is taking place.

## 1.Simple Present Tense

**Structure:**
Subject + V1 (Do/Does) + Object/Rest of the sentence

**Example:**

- Ali buys fruits in the morning.
- They do not sleep at morning. (Negative)
- Does he play football every evening?

### Simple present uses to express

- ***Habits***
  She only eats fish.
- ***Repeated actions or events***
  We catch the bus every morning.
- ***General truths***
  Water freezes at zero degrees.
- ***Instructions or directions***
  Open the packet and pour the contents into hot

water.
You take the No.6 bus to Bedford.

- ***Fixed arrangements***

  His mother arrives tomorrow.

- ***Future constructions***

  She'll see you before she leaves.

**Time words:**
Sometimes, Often, Usually, Every day, Every time, Every month, Frequently, Always, Seldom, Rarely, This month, This day, This year, This week

Poem

# My Leader, My Hero



A father so kind, a guiding light
He lived for us not just for a few
A leader wise, who led with peace
He fought for us, with silent moves
A teacher great, with truth as his guide
He dreamed of freedom for all.
Guess, who he is?

**Salam Thirumala**


Master
Imitable
Oh, it smells terrible
It may have been hit by a car last night.
Rizwan, look, a cat is lying dead.
Oh, it stinks.
It seems that he has been dead for a day or two.
What if we bury it in that deserted field?
It will be of great benefit to all.
Let me go over to that house and see if I can get a spade.
Ok. I'll wait here.


It can be buried here.
Is the pit ready?
Yes, put it down here.
Now let's cover it well.
Well done.
Let me return this spade.
Ok.
Children, you have done a great deed.
Thank you.
Another beautiful day. Isn't it Adil?
Sure, let's call it a day!

# WORD PUZZLE

Read the story 'The turtle and the swans', find the underlined words and try to find out its meaning.

| | | | | | | | |
|---|---|---|---|---|---|---|---|
| M | O | U | N | T | A | I | N |
| I | P | B | W | A | E | N | A |
| D | E | E | A | H | D | H | W |
| D | N | A | K | C | I | T | S |
| L | A | K | E | Y | K | U | I |
| E | L | T | R | U | T | O | D |
| C | I | T | Y | V | L | M | E |

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 1 | | 3 | | 2 |
| 2 | 1 | 9 | | | 6 | 8 | | |
| 4 | 6 | | | | 7 | | | |
| | 2 | 1 | | 6 | | | 4 | |
| | | | 7 | 3 | | | | 9 |
| | | 4 | | 2 | | 7 | 8 | |
| 3 | 7 | | 6 | | | 2 | | 8 |
| 8 | 4 | | 5 | | 3 | | 1 | |
| | | | 8 | | | | | 5 |

## Name me



E ________



E ________



E ________

Answers: Elaphant, Eagle, Eggs

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE. CALICUT-673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**